المرشد

# അൽ-മുർശിദ്

# AL-MURSHID

1966 ഒക്ടോബർ

# ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 1. | ചീനയിലെ ശുദ്ധീകരണം | (പത്രാധിപക്കുറിപ്പ്) | 2 |
| 2. | കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം | (ഇ. കെ. മൗലവി) | 5 |
| 3. | ...അതാണ് ദൈവവിശ്വാസം | (ശ: സയ്യിദ് ഖുതുബ്) | 9 |
| 4. | മുസ്ലിംകൾ അമേരിക്കയിൽ | (പി. പി. ഹസൻ മദനി) | 14 |
| 5. | ചരിത്രം നല്കുന്ന പാഠം | (കെ. എ. സിദ്ദീഖ് ഹസൈൻ) | 17 |
| 6. | വ്യസ്യമുറിയുന്ന കാരണങ്ങൾ | (സി. എ. മുഹമ്മദ് മൗലവി) | 23 |
| 7. | ഖുർആനും ഹദീസും തമ്മിലുള്ള വ്യത്യാസം | (എം. ശൈഖ് മുഹമ്മദ് മൗലവി) | 29 |
| 8. | ഇസ്ലാം—ഒരു ആംഗ്ലേയ ചിന്തകന്റെ ദൃഷ്ടിയിൽ | (വിവ: എം. മുഹമ്മദ്, മൂടംബയൽ) | 32 |
| 9. | സ്നേഹവും സമാധാനവുമാണ് നമ്മുടെ ലക്ഷ്യം | (ഫൈസൽ രാജാവ്) | 36 |
| 10. | ടിറേറാ—ഇസ്ലാമിന്റെ ശത്രു | (റഫീഖ്) | 38 |
| 11. | അഭിവാദ്യം (കവിത) | (തൃക്കളയൂരൻ) | 40 |


(39–ാം പേജിൽനിന്ന് തുടർച്ച)

കസ്റ്റടിയിലെടുത്തു. ഇതേസമയം തന്നെ ബോസ്നയിലെയും ഹർസാക്കിലെയും ഏതാനും മുസ്ലിം യുവാക്കളെയും ടിറേറാ പിടികൂടി. തന്റെ ഗവമ്മെണ്ടിനെ മറിച്ചിടാൻ ശ്രമിച്ചുവെന്നതായിരുന്നു അവരുടെപേരിൽ ചുമത്തിയ കുററം. കോടതി ഇവക്ക് വധശിക്ഷ വിധിച്ചു. ഇതുസംബന്ധിച്ച ഈജിപ്തിലെ 'അഖ്ബാറുൽയൗം' പത്രം 6–8–1949ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഇവിടെ ഉദ്ധരിക്കാം: "മാഷൽ ടിറേറാവിന്റെ ഗവമ്മെണ്ടിനെ മറിച്ചിട്ട് ബോസ്നയിയും ഹർസാക്കിലും ഇസ്ലാമിക ഗവമ്മെണ്ട് രൂപീകരിക്കാൻ ശ്രമം നടത്തി എന്ന കുററത്തിന്ന് യുഗോസ്ലോവിയയിലെ മുസ്ലിം യുവജനലീഗിൽപെട്ട എട്ടംഗങ്ങളെ ശിക്ഷിച്ചിരിക്കുന്നു. ഇവരുടെ ദുരന്തകഥ ഇവിടെ വിവരിക്കുന്നില്ല. എങ്കിലും ഒരുകാര്യം ഞങ്ങൾക്കുറപ്പിച്ചു പറയാൻ കഴിയും. ഈമാനിന്റെ ദീപശിഖ ഉയർത്തിപ്പിടിക്കുകയും നാസ്തികത്വത്തിന്റെ അടിയൊഴുക്കിൽനിന്ന് മോചനം നേടുകയും ചെയ്യുക എന്നത് മാത്രമായിരുന്നു ഇവരുടെ ലക്ഷ്യം. യുവാക്കളിൽ ചിലരെ തൂക്കിക്കൊല്ലുകയും ചിലരെ ജീവപര്യന്തം തടവിലാക്കുകയുമുണ്ടായി."

ഇതാണ് മാഷൽ ടിറ്റോവിന്റെ പാരമ്പര്യം. ഇസ്ലാമിനെയും മുസ്ലിംകളെയും നശിപ്പിച്ച ചരിത്രമേ അദ്ദേഹത്തിന്നുള്ളൂ. നാസിറിന്ന് പററിയ കൂട്ടുകാരൻ!

# അൽ–മുർശിദ്

(മാസിക)


ചീഫ് എഡിററർ:

E. K. മൌലവി

പബ്ലിഷർ:

മുഹ്സിൻ ബിൻ അഹ്മദ്
B. A., L. T.

ലക്കം 8 1966 ഒക്ടോബർ വില: 35 പൈസ.

പത്രാധിപക്കുറിപ്പ്

# ചീനയിലെ ശുദ്ധീകരണം

കമ്യൂ: ചീനയിൽനിന്ന് സംഭ്രമജനകമായ വാർത്തകളാണ് ഇയ്യിടെയായി പുറത്തുവരുന്നത്. മാവോവിന്റെ ചെമ്പട നടത്തുന്ന ശുദ്ധികരണത്തിന്റെ ക്രൂരാൽക്രൂരമായ വാർത്തകൾ! 1949ൽ കമ്യൂണിസ്റ്റ് ആധിപത്യം ചീനയിൽ വേരുറച്ചപ്പോൾ തുടങ്ങിവെച്ച ശുദ്ധീകരണ പ്രസ്ഥാനത്തിന്റെ കൊട്ടിക്കലാശമാണ് ഇപ്പോൾ നടന്നത്. മുതലാളിത്തത്തേയും മതസാംസ്കാരിക പ്രവണതകളെയും നിർമ്മാർജ്ജനംചെയ്ത്, ചീനയെ കമ്യൂണിസത്തിന്റെ മാതൃകാഭൂമിയാക്കാൻ മാവോവും അനുയായികളും 17 കൊല്ലമായി ഭഗീരഥശ്രമം നടത്തിവരികയായിരുന്നു. എന്നിട്ടും അവിടവിടെയായി ചില അവശിഷ്ടങ്ങൾ ബാക്കിനിന്നു. അതാണ് റെഡ്ഗാർഡുകളുടെ സംഘടിതമായ ശുദ്ധീകരണത്തിന് പാത്രമായത്.

വെള്ളവും തീയും പോലെ പരസ്പരവിരുദ്ധമാണ് മതവും കമ്യൂണിസവും. സിദ്ധാന്തവാദികളായ കമ്യൂ:കൾതന്നെ ഈ വസ്തുത സമ്മതിക്കും. നിരീശ്വരത്വവും നിഷ്ഠുരത്വവുമാണ് അതിന്റെ അസ്ഥിവാരം. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നും നിരീശ്വരത്വം കമ്യൂണിസത്തിന്റെ അവിഭാജ്യഘടകമാണെന്നും അതിന്റെ ഉപജ്ഞാതാവായ മാർക്സും ലെനിൻതൊട്ട് മാവോവരെയുള്ള ആചാര്യന്മാരും ആവർത്തിച്ച് സിദ്ധാന്തിച്ചിട്ടുള്ളതാണ്. ആ നിലക്ക് കലർപ്പില്ലാത്ത കമ്യൂണിസം നിലവിലുള്ള ചീനയിൽ മതസാംസ്കാരിക മൂല്യങ്ങളെ തുടച്ചുനീക്കാഞ്ഞാലേ അത്ഭുതമുള്ളു? കാരണം, മതവും മതാനുയായികളും ഉള്ളേടത്തോളംകാലം കമ്യൂണിസ്റ്റ് വിപ്ലവം സമ്പൂർണ്ണമല്ല.

റെഡ്ഗാർഡുകളുടെ ആക്രമണംമൂലം ഏററവുമധികം ദുരിതമനുഭവിക്കേണ്ടിവന്നത് മുസ്ലിംകൾക്കാണെന്നാണ് റിപ്പോർട്ട്. അവരുടെ പള്ളികൾ കയ്യേററം ചെയ്യപ്പെട്ടു. മതനിയമങ്ങൾ അപഹസിക്കപ്പെട്ടു; മതനേതാക്കന്മാരും അനുയായികളും മർദ്ദനത്തിന്നിരയായി. പലേടത്തും തുറന്ന യുദ്ധംതന്നെ നടന്നുവത്രെ. കമ്യൂണിസ്റ്റാധിപത്യം നിലവിൽ വരുമ്പോൾ 5 കോടിയിലേറെ മുസ്ലിംകളുണ്ടായിരുന്നു ചീനയിൽ. 10 കൊല്ലം കഴിഞ്ഞപ്പോഴേക്ക് അത് ഒരുകോടിയായി ചുരുങ്ങി. ബാക്കിയുള്ള 4 കോടി മുസ്ലിംകൾ പല



പ്പോഴായി സംഘടിപ്പിച്ച ശുദ്ധീകരണത്തിൽപെട്ട് മരിച്ചൊടുങ്ങുകയോ, ഗവമ്മെണ്ടിന്റെ മർദ്ദനവും മതധ്വംസനവുംകാരണം നിൽക്കക്കള്ളിയില്ലാതെ നാടുവിടുകയോ ചെയ്തു. ഇപ്പോഴത്തെ വിപ്ലവത്തിന്നുശേഷം എത്ര പേർ ബാക്കിയുണ്ടെന്ന് ആർക്കറിയാം?

ചിരപുരാതനമാണ് ചൈനീസ് മുസ്ലിംകളുടെ ചരിത്രം. ഇസ്ലാമിന്റെ ആവിർഭാവത്തോളംതന്നെ അതിന്ന് പഴക്കമുണ്ട്. ക്രിസ്ത്വബ്ദം 628–ൽ അറേബ്യയിൽനിന്ന് ഒരു മതപ്രചാരണസംഘം തായ്സുങ്ങ് ചക്രവർത്തിയുടെ കൊട്ടാരത്തിൽ വന്നതായും ഇസ്ലാംമതതത്വങ്ങളിൽ ആകൃഷ്ടനായ ചക്രവർത്തി ചീനയിൽ ഒരു പള്ളിയുണ്ടാക്കാൻ അവരെ സഹായിച്ചതായും ചരിത്രഗവേഷകനായ എച്ച്. ജി. വെത്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്ലാമിന്ന് ചീനയിൽ സാർവ്വത്രികമായ പ്രചാരം ലഭിച്ചു. മുസ്ലിംകളുടെ എണ്ണം ക്രമാതീതമായി പെരുകിവന്നു. രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ അവർ ഗണ്യമായ സ്വാധീനം ചെലുത്തി. ഇതിനിടക്ക് ചീനയുടെ ഒരു അവിഭാജ്യഘടകമായിത്തീർന്നു അവർ. സൺയററ്സൺ നയിച്ച സ്വാതന്ത്ര്യ വിപ്ലവത്തിൽ മുസ്ലിംകൾ മഹത്തായ പങ്കുവഹിക്കുകയുണ്ടായി.

പക്ഷേ, നാട് കമ്യൂണിസത്തിന്റെ കരാളഹസ്തങ്ങളിൽ ഒതുങ്ങിയതോടെ ചൈനീസ് മുസ്ലിംകളുടെ ദുരന്തം ആരംഭിച്ചു. ഇസ്ലാമിന്റെ തേജസ്സ് മങ്ങിത്തുടങ്ങി. പള്ളികളും മതസ്ഥാപനങ്ങളും ഗവമ്മെണ്ട് പിടിച്ചടക്കി. അവ വിദ്യാർത്ഥികൾക്കുള്ള വിശ്രമകേന്ദ്രങ്ങളും കമ്യൂണുകളുടെ ചർച്ചാവേദികളുമാക്കി മാററി. വിദേശ സന്ദർശകന്മാരെ കബളിപ്പിക്കാൻമാത്രം പ്രധാന പട്ടണങ്ങളിൽ ചില പള്ളികൾ ബാക്കിനിറുത്തി. എല്ലാ വഖഫ്സ്വത്തുക്കളും ഗവമ്മെണ്ട് കണ്ടുകെട്ടി. തൊഴിലാളിവർഗ്ഗത്തെ ചൂഷണംചെയ്യുന്നവരെന്ന് മുദ്രകുത്തി മതനേതാക്കളെ ദീർഘകാലത്തേക്ക് ശിക്ഷിച്ചു. സാമൂഹ്യമായ മതാചാരങ്ങളും മതപഠനവും കർശനമായി നിരോധിച്ചു. അറബിഭാഷ നിഷിദ്ധമാക്കി. പണ്ഡിതന്മാർക്കും മുല്ലമാർക്കും നിർബന്ധപൂർവ്വം മാർക്സിസത്തെക്കുറിച്ച് സ്റ്റഡിക്ലാസ്സ് നൽകി.

ചീനയിൽ മുസ്ലിംകൾക്കും ഇസ്ലാമിന്നും നേരിട്ട ദുരന്തദുരിതങ്ങൾ സവിസ്തരം പ്രതിപാദിക്കാൻ ഇവിടെ സ്ഥലം പോരാ. കമ്യൂണിസത്തെ അനുകൂലിക്കാഞ്ഞതിന്നും മുസ്ലിംകളുടെ രഹസ്യവിവരങ്ങൾ വെളിപ്പെടുത്താഞ്ഞതിന്നും ക്രൂരമായ മർദ്ദനങ്ങൾ ഏല്ക്കേണ്ടിവന്ന മസിയാൻ സെൻ എന്ന പണ്ഡിതൻ മരണശയ്യയിൽവെച്ച് തന്റെ സ്നേഹജനങ്ങൾക്ക് നൽകിയ അന്ത്യോപദേശം ഇതായിരുന്നു: "എന്റെ അന്ത്യം അടുത്തു. മതപരമായ കാര്യങ്ങളിൽ നിങ്ങൾക്ക് നേതൃത്വം തരാൻ ഇനി എനിക്ക് തരപ്പെടില്ല കമ്യൂ:കൾ ഇസ്ലാമിന്റെ ശത്രുക്കളാണെന്ന് നിങ്ങൾ ഓർക്കണം: അവരുടെ നീക്കങ്ങളെ നിങ്ങൾ

ഒററക്കെട്ടായി നേരിടണം. സ്വത്തോ, സാധന സാമഗ്രികളോ എന്തു വേണമെങ്കിലും നിങ്ങൾ അടിയറവെച്ചോളൂ. ഒരിക്കലും മതാദ്ധ്യാപനങ്ങൾ അടിയറവെച്ചുപോകരുതു്. നിങ്ങൾ യഥാർത്ഥ മുസ്ലിംകളായിരിക്കണം. അതാണു് എന്റെ ഒരേഒരപേക്ഷ. ......കമ്യൂ: കൾ ഇസ്ലാമിന്റെ വൈരികളാണെന്നു് ഒരിക്കലും മറന്നുകളയരുതു്.''

ചീനയിലെ മർദ്ദനത്തിന്റെ കരളലിയിക്കുന്ന കഥകൾ അവിടം സന്ദർശിച്ചവരൊക്കെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഉദാഹരണത്തിന്നു് ചില പ്രസ്താവനകൾ ഇവിടെ പകർത്താം: 1956-ൽ പര്യടനം നടത്തിയ പാക് പ്രതിനിധിസംഘത്തലവൻ മൗലാനാ ഇഹ്തിശാമുൽ ഹഖ് പറയുന്നു: മതപഠനം ചീനയിൽ നിരോധിച്ചിട്ടുണ്ടു്. ഇസ്ലാമുമായി ബന്ധമില്ലാത്ത ഒരു തലമുറയാവും ഭാവിയിലുണ്ടാവുക. കുട്ടികൾക്കു് മതശിക്ഷണം ലഭിക്കാത്തതുതന്നെ ഇതിന്നുകാരണം. പ്രാർത്ഥനകൾ സ്വകാര്യമായി നിർവ്വഹിക്കാൻ അനുവാദമുണ്ടെന്ന കാര്യം നിഷേധിക്കുന്നില്ല. അതേസമയം ഊർജ്ജിതമായ മതധ്വംസന പ്രവർത്തനങ്ങളാണു് അവിടെ നടക്കുന്നതു്.'' പാക് ജർണ്ണലിസ്റ്റു് മുഹ്സിൻ അലി തന്റെ അനുഭവം വിവരിക്കുന്നു: ''ഞങ്ങൾ പര്യടനം നടത്തിയ ബൈബ്ബീൻ, കാൻററൺ, ആംശി എന്നിവിടങ്ങളിലെ പള്ളികളിൽ കുട്ടികളോ യുവാക്കളോ പ്രാർത്ഥന നടത്തുന്നതു് ഞങ്ങൾ കണ്ടില്ല. ഏതാനും പടുകിഴവന്മാർ മാത്രമുണ്ടു്. കാരണം 'എങ്ങനെ ഒരു യഥാർത്ഥ കമ്യൂണിസ്റ്റാവാം' എന്നു് പഠിക്കാനേ യുവാക്കൾക്കു് നേരമുള്ളൂ. ഇമാമിന്നുപോലും.'' ഇന്തോനീഷ്യയിലെ പ്രസിദ്ധ പത്രപ്രവർത്തകനും 'ജക്കാർത്താ ടൈംസി'ന്റെ സ്ഥാപക പത്രാധിപരുമായിരുന്ന ആസാബാഹാഗ് 1954ലും 55ലും ചീന സന്ദർശിച്ചു. അദ്ദേഹം എഴുതുന്നു: ''മുപ്പതു കൊല്ലംമുമ്പ് 50 മില്യനുണ്ടായിരുന്ന മുസ്ലിംകൾ വെറും 10 മില്യനായി ചുരുങ്ങിയിട്ടുണ്ടു്. ഇവർ മതമർദ്ദനംകാരണം വിശ്വാസവും ആരാധനകളും പരസ്യമാക്കാൻ ഭയപ്പെടുന്നു. ചീനയിൽ പര്യടനം നടത്തുന്ന ഏതു് സമുദായസ്നേഹിയുടെയും മനസ്സിൽ ഉയർന്നുവരുന്ന ഒരു ചോദ്യമിതാണു്: മുസ്ലിംകൾക്കു് ഇന്നുള്ള ദുരവസ്ഥ ഇതാണെങ്കിൽ എന്തായിരിക്കും ഭാവി?''

1959ൽ ആറു് മുസ്ലിം യുവാക്കൾ ചീനയിൽനിന്നു് ഒളിച്ചോടി തായ്ലണ്ടിൽ അഭയംപ്രാപിക്കുകയുണ്ടായി. ഇസ്ലാമിനെയും മുസ്ലിംകളെയും രക്ഷിക്കാൻ ലോകമുസ്ലിംകളെ ആഹ്വാനം ചെയ്തുകൊണ്ടു് അവർ പുറത്തിറക്കിയ സുദീർഘമായ പ്രസ്താവനയുടെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കാം: ''ദേശീയ ഗവമ്മെണ്ടിന്റെ തിരോധാനത്തിന്നുശേഷം ചരിത്രത്തിൽ തുല്യതയില്ലാത്ത യാതനകളും പീഡന

(ശേഷം കവർ 3-ാം പേജിൽ)



# ശൈഖുനാ കുഞ്ഞഹമ്മദ് ഹാജി മർഹൂം

## ഇ. കെ. മൗലവി

**കേ**രളത്തിലെ മഹാശയരായ രണ്ടു് പരിഷ്കർത്താക്കളെപ്പററി ഇതിനകം സാമാന്യമായി വിവരിച്ചുകഴിഞ്ഞു. എന്റെ ഗുരുവര്യനും മാർഗ്ഗദർശിയുമായിരുന്ന ശൈഖുനാ ചാലിലകത്തു് കുഞ്ഞഹമ്മദ് ഹാജിയെപ്പററിയാണു് ഇനി പ്രതിപാദിക്കാനുദ്ദേശിക്കുന്നതു്. ആ മഹാനെപ്പററി അറിയാത്തവരായി കേരളത്തിൽ ആരെങ്കിലുമുണ്ടോ എന്നു് സംശയമാണു്. അദ്ദേഹം വരുത്തിയ പരിഷ്കരണങ്ങളും പരിവർത്തനങ്ങളും എന്തൊക്കെയാണെന്നു് ചോദിച്ചാൽ ഒററ വാക്കിൽ ഇങ്ങനെ മറുപടി പറയാം: കുത്തഴിഞ്ഞു കിടന്നിരുന്ന പള്ളിദർസുകളെയും മദ്രസ്സകളേയും വ്യവസ്ഥാപിതമായ രൂപത്തിൽ പുനസ്സംഘടിപ്പിച്ചു്, ഫലപ്രദമാക്കിത്തീർക്കുകയും അവയുടെ സുഗമമായ പ്രവത്തനത്തിന്നുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സ്വര്യപുരുഷൻ കേരള മുസ്ലിംകൾക്കിടയിൽ വരുത്തിയ സാമൂഹികവും വിദ്യാഭ്യാസപരവുമായ പരിവത്തനങ്ങളിലേക്കു് കടക്കുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ ജീവചരിത്രം ചുരുക്കി വിവരിക്കാം. അപ്പോൾ പരിവത്തനങ്ങളുടെ വിശദരൂപം താനെ വന്നുകൊള്ളും.

ഇന്നത്തെ തിരൂർ താലൂക്കിൽപെട്ട തിരൂരങ്ങാടി മുമ്പും ഇപ്പോഴും പേരും പ്രശസ്തിയുമുള്ള പ്രദേശമാണു്. ഇവിടത്തെ ചാലിലകത്തു് കുടുംബമാണു് ഈ പ്രശസ്തിക്കു് പ്രധാന കാരണം. പുരാതനമായിത്തന്നെ ഒരു പണ്ഡിത കുടുംബമായിരുന്നു ചാലിലകം. ഈ പ്രസിദ്ധ കുടുംബത്തിലെ ആലസ്സൻ മുസ്ലിയാരുടെ സഹോദരീപുത്രനാണു് മർഹൂം കുഞ്ഞഹമ്മദ് ഹാജി. അദ്ദേഹത്തിന്റെ പിതാവു് പൊൻമുണ്ടത്തുകാരനാണെന്നാണു് എന്റെ ഓർമ്മ. അമ്മാവനായ ആലസ്സൻ മുസ്ലിയാരിൽനിന്നു് കിതാബുകൾ ഓതിക്കൊ

ണ്ട്. സ്വ കുടുംബത്തിൽതന്നെയാണ് സ്മര്യപുരുഷൻ വളർന്നത്. അമ്മാവൻെറ അടുക്കൽനിന്ന് പഠനം പൂർത്തിയാക്കിയശേഷം വെളിയങ്കോട്ട് തട്ടാങ്ങര കുട്ടിയമ്മു മുസ്ല്യാരുടെ അടുക്കൽയിന്ന് تلخيص ഓതി. ഇതുകൊണ്ടൊന്നും അദ്ദേഹത്തിൻെറ വിജ്ഞാനദാഹം ശമിച്ചില്ല. തന്നിമിത്തം പിന്നീട് അദ്ദേഹം വേലൂർക്ക് പോയി. കുറച്ചുകാലം അവിടെ പഠിച്ചു. തുടർന്ന് പഠിക്കണമെന്നും മതവിജ്ഞാനീയത്തിൽ ഉന്നതനിലവാരം കരസ്ഥമാക്കണമെന്നുമുള്ള ആഗ്രഹം വർദ്ധിച്ചുവന്നതേയുള്ളൂ. അക്കാരണത്താൽ വേലൂരിൽനിന്നു വിജ്ഞാനം തേടിപ്പുറപ്പെടാൻ അദ്ദേഹം ഒരുങ്ങി. പക്ഷെ അദ്ദേഹത്തെ വിട്ടയക്കുന്ന കാര്യം മദ്രസ്സാഭാരവാഹികൾക്ക് അസഹ്യമായിരുന്നു. അവർ, പെഷവാറിൽനിന്നാണെന്ന് തോന്നുന്നു, ഒരു പണ്ഡിതനെ സ്മര്യപുരുഷനുവേണ്ടി വരുത്തി. അങ്ങിനെ ആ ഗുരുനാഥൻെറ കീഴിലും കുറച്ചുകാലം പഠിച്ചു. അനന്തരം സ്വദേശത്തേക്കു തിരിച്ചുപോന്നു.

ഇതിനിടക്ക് തർക്കശാസ്ത്രം, തത്വശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങിയ വിവിധ വിജ്ഞാന ശാഖകളിൽ ശൈഖുനാ നൈപുണ്യം നേടിക്കഴിഞ്ഞിരുന്നു. എന്നിട്ടും മതിവരാതെ അദ്ദേഹം ഭാഷാപഠനത്തിൽ ശ്രദ്ധയൂന്നി. തന്മൂലം ഉറുദു, പേർഷ്യൻ, തമിഴ്, മലയാളം എന്നീ ഭാഷാസാഹിത്യങ്ങളിലും വ്യുല്പത്തിനേടി.

നാട്ടിൽ മടങ്ങിവന്നശേഷം പള്ളികളിലും മററും അദ്ദേഹം ദർസുകൾ നടത്തി. പിന്നീട് മോറയൂർ അബ്ദുറഹിമാൻശൈഖ് ആവശ്യപ്പെട്ടതനുസരിച്ച് ന്യൂമാഹിയിലെ പെരിങ്ങാടി ജുമുഅത്തുപള്ളിയിലും ദർസ് നടത്തുകയുണ്ടായി. ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു അവിടെ. ഖുത്തുബി മുഹമ്മദ് മുസ്ലിയാർ സ്മര്യപുരുഷൻെറ ഒരു പ്രധാന ശിഷ്യനായിരുന്നു. ഗുരുവിൻെറകൂടെ ഖുത്തുബിയും പെരിങ്ങാടി ദർസിലെത്തി. പാമ്മുർ ദഞ്ചിപ്പാടി സുലൈമാൻമുസ്ല്യാർ, കടവത്തൂർ പറമ്പത്ത് മൊയ്തീൻകുട്ടി മുസ്ലിയാർ, ഇല്ലത്ത് പയ്യയി മുസ്ലിയാർ മുതലായ പലരുമുണ്ടായിരുന്ന പ്രസിദ്ധമായ ആ ദർസിൽ. ഖിബ്‌ലാതക്കത്തിൻെറ ഉത്ഭവം അവിടെവെച്ചാണ്. അതിനെക്കുറിച്ച് ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. പെരിങ്ങാടിയിൽ ദർസ് നടത്തുന്നതിനിടക്ക്തന്നെയാണ് 'രിസാലത്തുൽ ഹിസാബ്' എന്ന ഗ്രന്ഥം മൗലാനാ രചിച്ചത്. 'രിസാലത്തുൽ മാറദീനി' എന്നൊരുഗ്രന്ഥം ഈ ദർസിൽവെച്ച് പലരും ഓതുകയുണ്ടായി. നമസ്കാരസമയങ്ങളും രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും കണ്ടുപിടിക്കാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണത്. പക്ഷെ, 'റുബ്ഉൽ മുജയ്യബ്' എന്ന ഒരുപകരണത്തിൻെറ സഹായംകൊണ്ടേ അത് സാധിക്കുകയുള്ളൂ. ഈ ഉപകരണമില്ലാതെതന്നെ, കണക്കുകളെ മാത്രം അടിസ്ഥാനപ്പെടുത്തി സമയവും സ്ഥലവും കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളാണ് മൗലാനാ രചിച്ച 'രിസാലത്തുൽ ഹിസാബി'ലെ ഉള്ളടക്കം. ഈ കാര്യത്തിൽ കൈതാൽ പോക്കർഹാജി അദ്ദേഹത്തെ സഹായിക്കുകയുണ്ടായി.



വേറെ ചിലേടത്തും ശൈഖുനാ ദർസ് നടത്തിയിരുന്നു. എങ്കിലും 1909-ൽ വാഴക്കാട്ട് ദാറുൽ ഉലൂം മദ്രസ്സയിലാണ് ഉന്നത നിലവാരത്തിലുള്ള ഒരു ദർസ് നടത്തിയത്. ഇവിടെവെച്ചാണ് അദ്ദേഹം മതവിദ്യാഭ്യാസരംഗത്തുള്ള തൻെറ പരിഷ്കരണം സമാരംഭിച്ചതും. തികച്ചും പരിഷ്കൃത രീതിയിൽ തന്നെ അദ്ദേഹം ദർസ് സംഘടിപ്പിച്ചു. പ്രാഥമിക ക്ലാസുകളിൽ ബെഞ്ചും ഡസ്കും കസേലയും ഉപയോഗിച്ചുതുടങ്ങി. ക്ലാസുകളിലേക്കാവശ്യമായ പാഠ്യപുസ്തകങ്ങളും ശൈഖുനാ രചിച്ചു. ദീനിയ്യാത്ത്, അമലിയ്യാത്ത്, നഹ്‌വ്, സർഫ് മുതലായ വിഷയങ്ങൾ മാതൃഭാഷയിൽതന്നെ പഠിപ്പിച്ചുവന്നു. ഉയർന്ന ക്ലാസുകളിൽ منطق، حكمة മുതലായ വിഷയങ്ങൾ അദ്ദേഹമാണ് ക്ലാസ്സെടുത്തിരുന്നത്. تصوّف മുതലായവക്ക് സഹാദ്ധ്യാപകന്മാരുമുണ്ടായിരുന്നു. ക്ലാസുകളുടെ ക്രമീകരണത്തിലും മററും സി. സെയ്താലിക്കുട്ടിമാസ്റ്ററുടെ സഹായ സഹകരണങ്ങൾ അദ്ദേഹത്തിന്ന് കിട്ടി.

പാഠ്യപദ്ധതിയും പാഠനക്രമവും പരിഷ്കരിച്ചതോടെ വമ്പിച്ച കോളിളക്കമുണ്ടായി. വാഴക്കാട്ട് മദ്രസ്സയിലെ വിദ്യാർത്ഥികൾക്കുപോലും സ്വൈരമുണ്ടായില്ല. പോകുന്നേടത്തൊക്കെ ശകാരവും പരിഹാസവുംകൊണ്ട് അവർ അഭിഷേകം ചെയ്യപ്പെട്ടു. ഒരു കൊടും പാതകം ചെയ്ത പ്രതീതി.

ഒടുവിൽ, കേരളത്തിലെ പേരെടുത്ത ആലിമുകളെ മദ്രസ്സയിൽ വിളിച്ചുവരുത്തി ഒരു പരീക്ഷ നടത്താനും അവരുടെ അഭിപ്രായം രൂപീകരിച്ച് ഭാവി നിശ്ചയിക്കാനും ബന്ധപ്പെട്ടവർ തീർച്ചയാക്കി. വിവരം അധികാരിയേയും അറിയിച്ചു. ഈ തീരുമാനം അദ്ദേഹത്തിനും സമ്മതമായി. അതനുസരിച്ച് കട്ടിലശ്ശേരി ആലിമുസ്ല്യാർ, പൊന്നാനി കുഞ്ഞിബാവമുസ്ല്യാർ തുടങ്ങിയ പല ആലിമുകളെയും പരീക്ഷ നടത്താൻ ക്ഷണിച്ചുവരുത്തി. പക്ഷെ ഫത്ത്ഹുൽമുഈൻ മാത്രമെ അവർ പരീക്ഷിച്ചുള്ളൂ. ബാക്കിവിഷയങ്ങളിൽ അവരുടെ അഭ്യർത്ഥനപ്രകാരം ശൈഖുനാതന്നെയാണ് പരീക്ഷ നടത്തിയത്. പരീക്ഷകൾക്കുശേഷം അവിടെവെച്ചുതന്നെ ആ പണ്ഡിതന്മാരുടെ അഭിപ്രായം ആരാഞ്ഞു. നല്ല അഭിപ്രായമേ അവക്ക് പറയാനുണ്ടായുള്ളൂ. മൗലാനയുടെ പരിഷ്കരണങ്ങളിൽ ഒരു തെററും ചൂണ്ടിക്കാണിക്കാൻ അവർക്ക് കഴിഞ്ഞില്ല.

പ്രശസ്താതിഥികൾക്ക് അധികാരിയുടെ വസതിയായ മണ്ണിൽതൊടികയിൽ അന്ന് ഒരു സല്ക്കാരം

ഏറ്റെടുത്തി. ശൈഖുനാ അതിൽ സംബന്ധിച്ചിരുന്നില്ല. വിചിത്രമെന്നു പറയട്ടെ, അവിടെവെച്ച് സമുദായനായകരായ ആ ആലിമുകൾ ഇപ്രകാരം അഭിപ്രായപ്പെട്ടു: "നാം മദ്രസ്സക്കായി വലിയസംഖ്യ ചെലവുചെയ്യുന്നു. ആ സ്ഥിതിക്ക തഖ്ത്തിലിരിക്കുന്ന ഒരു സ്ഥാപനത്തിന്ന് ചെലവു ചെയ്യുന്നതിനേക്കാൾ തക്കമില്ലാത്ത വിഷയത്തിൽ ചെലവഴിക്കുന്നതല്ലേ നല്ലത്?"

നഞ്ഞെന്തിന് നാനാഴി? കാര്യം വീണ്ടും കുഴപ്പത്തിലായി. അനന്തര സംഭവങ്ങൾ എല്ലാവർക്കും അറിവുള്ളതാണല്ലോ. പുതിയ രീതിയിലുള്ള മദ്രസ്സകൾ സ്ഥാപിക്കുന്നതിലാണ് പിന്നീട് ശൈഖുനാ ശ്രദ്ധപതിച്ചത്. പുളിക്കൽ, കോട്ടുമ്മൽ, വളപട്ടണം, വടകര മുതലായ പല സ്ഥലങ്ങളിലും മദ്രസ്സകൾ സ്ഥാപിച്ചു.

കല്ലടി മൊയ്തീൻകുട്ടി സാഹിബിന്റെ ക്ഷണപ്രകാരം 1919ൽ മൗലാനാ മണ്ണാർക്കാട്ട് വീണ്ടും ദർസും മദ്രസ്സയും നടത്തിവന്നു. പക്ഷേ മാസങ്ങളേ കഴിഞ്ഞുള്ളു, അസംഖ്യം ശിഷ്യന്മാരെയും സ്നേഹജനങ്ങളെയും തീരാദുഃഖത്തിലാഴ്ത്തി, മഹാനായ ആ പരിഷ്കർത്താവ് പരലോകം പൂകി.

— തുടരും.


## ഇതിന്നു് അദ്ദേഹം തന്നെ!

കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഞാൻ (അൾസ്സർ) മൂലക്കുരു, മൂത്രശല്യം എന്നിവകൊണ്ടു് നരകിച്ചിരുന്നു. മററുപല ചികിത്സകളും ചെയ്തു് നിരാശപ്പെട്ടപ്പോഴാണ് മൂന്നാഴ്ചമുമ്പ് ഡോക്ടർ സലീമിനെ സമീപിച്ചത്. ഞാൻ വിസ്തരിച്ചു പറയുന്നില്ല. ഈ രോഗചികിത്സയിൽ അദ്ദേഹത്തെ കവച്ചുവെക്കാൻ എന്റെ അനുഭവത്തിൽ ഇവിടെ മററാരുമില്ല. വേദന നിയന്ത്രിച്ചു് 18 ദിവസത്തിനകം ഡോക്ടർ എന്നെ മേപ്പടി രോഗത്തിൽനിന്നു് സമൂല വിമുക്തനാക്കിയിരിക്കുന്നു. രോഗനില ബദ്ധശ്രദ്ധനായി വീക്ഷിക്കുന്നതിലും സ്നേഹപൂർണ്ണമായി പെരുമാറുന്നതിലും അദ്ദേഹം ഏതൊരു ഡോക്ടരുടെയും പിന്നിലല്ല. അദ്ദേഹത്തിന്നു് സ്നേഹബഹുമാനപൂർവ്വം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്നു്,

**എസ്. എൽ. പി. ഹംസ.**
മാടായി വാടിക്കൽ, P. O. പുതിയങ്ങാടി.


# ...അതാണ് ദൈവവിശ്വാസം

## ശഹീദ് സയ്യിദ് ഖുത്തുബ്

### വിവ: മുഹമ്മദ് മദനി

"ഞാൻ പറയുന്നതുകേൾക്കൂ" സംഭാഷണമദ്ധ്യെ അയാൾ സ്നേഹിതനോടു പറഞ്ഞു: "എനിക്കിപ്പോഴും നിങ്ങളെപിടികിട്ടിയില്ല... ഒഴുക്കിന്നെതിരിൽ നീന്താനാണ് നിങ്ങളുടെ പുറപ്പാട്. വീണ്ടാലോചനയില്ലാതെ നിങ്ങൾ നിങ്ങളെത്തന്നെ നശിപ്പിക്കുന്നു......ജീവിതത്തിൽനിന്നു് വിരണ്ടോടുകയാണെന്നു തോന്നും ഈ പോക്കുകണ്ടാൽ.

എന്നോടു തുറന്നുപറയൂ, നിങ്ങൾക്ക് ഇതിനൊക്കെ കരുത്തുണ്ടോ? നിങ്ങളുടെ ലക്ഷ്യം ഗ്രഹിക്കാനും അതിന്നു അർഹമായ വിലകൽപ്പിക്കാനും മാത്രം ജനത ബുദ്ധിപരമായി വളർന്നിട്ടില്ല.......പ്രബല ശക്തികളോടാണ് നിങ്ങൾ പോരാടുന്നത്. രാഷ്ട്രങ്ങളേയും, ജനതകളേയും വിലക്കുവാങ്ങാൻ ശേഷിയുള്ള ശക്തികളോട്; പരിചയസമ്പന്നമായ ശക്തികളോട്; എല്ലായിടത്തും അതിന്നു പ്രവർത്തകന്മാരും പ്രതിനിധികളുമുണ്ട്, ആവശ്യത്തിലേറെ പ്രവർത്തനശേഷിയും......നിങ്ങളെ സ്വദേശക്കാരുടെ ദൃഷ്ടിയിൽ കുററവാളിയായി ചിത്രീകരിക്കാൻ ആ ശക്തികൾക്കു സാധിക്കും. സൽപ്പേരിന്നു കളങ്കം ചാർത്തി നിങ്ങളെ ജനമദ്ധ്യത്തിൽ വഞ്ചകനാക്കി മാററാൻ അതിന്നു ഒട്ടും പ്രയാസമില്ല. നിങ്ങൾക്കെതിരിൽ ആയിരം സാക്ഷികളെയും ആയിരം പ്രചരണയന്ത്രങ്ങളെയും അതിന്നു നേടാൻ കഴിയും......നിങ്ങൾ പണക്കാരനല്ല; യുവാവല്ല; വാർദ്ധക്യത്തിലേക്കു കാലൂന്നിയ ഒരു നിരാലംബൻ മാത്രം. ഉപജീവനമാർഗ്ഗം അടഞ്ഞുപോയാൽ നിങ്ങളെ സഹായിക്കാൻ അനുയായികളില്ല; പാർട്ടിയുമില്ല. സംഗതിവശാൽ നിങ്ങളുടെ സഹായം ലഭിക്കാതെ വന്നാൽ കുടുംബത്തെ രക്ഷിക്കാൻ ആരുണ്ട്? സ്നേഹിതാ! ഇയ്യിടെയായി നിങ്ങളെക്കുറിച്ച് എനിക്കു ഒരെത്തും പിടിയും കിട്ടുന്നില്ല."

വ്യസനവും ദേഷ്യവുമൊക്കെ കലർന്ന സ്വരത്തിലാണ് അയാൾ ഭവിഷ്യത്തുകളെക്കുറിച്ച് താക്കീതു് ചെയ്തത്. സംസാരം മുഴുവിച്ച് അയാൾ മറുപടിക്കുവേണ്ടി കാത്തിരുന്നു.

സ്നേഹിതൻ സമന്ദസ്മിതം പ്രതിവചിച്ചു. "ഇത്തരം വിഷമത

കളെക്കുറിച്ച് ഞാൻ ശരിക്കും ബോധവാനാണ്. ഭാവി ഭയാനകമാണെന്ന് എനിക്കറിയാം. താങ്കൾ പറഞ്ഞതത്രയും ശരിയാണ്. സ്നേഹസമ്പന്നനും ക്ഷേമതല്പരനുമായ താങ്കളുടെ വികാരത്തെ ഞാൻ മാനിക്കുന്നു. പക്ഷെ, സുഹൃത്തേ, ഒരു യാഥാർത്ഥ്യം താങ്കൾ വിസ്മരിച്ചുകളഞ്ഞു. അതു ഓർത്തിരുന്നുവെങ്കിൽ താങ്കൾ എന്റെ പ്രവർത്തനങ്ങളെ ശക്തിയുക്തം ന്യായീകരിച്ചേനേ. ജനത, രാജ്യം, ആരോഗ്യം, ധനം, രാഷ്ട്രങ്ങളേയും ജനങ്ങളേയും വിലക്കെടുക്കാൻ ശേഷിയുള്ള ഭൗതികശക്തികൾ—എല്ലാം താങ്കൾ സ്മരിച്ചു. ഇതൊക്കെ ശരിയുമാണ്. പക്ഷെ, അല്ലാഹുവെ താങ്കൾ വിസ്മരിച്ചു...''

''ഇല്ല, അല്ലാഹുവെ ഞാൻ വിസ്മരിച്ചിട്ടില്ല.'' അയാൾ പ്രത്യുത്തരം നല്കി. ''പക്ഷെ എനിക്കറിയാം നിങ്ങളുടേതുപോലെയുള്ള വിഷമഘട്ടത്തിൽ മുഹമ്മദനബി(സ)ക്ക് അല്ലാഹുവിന്റെ സഹായം ലഭിച്ചിരുന്നു. അവിടുന്നു ദൈവപ്രവാചകനായിരുന്നു. ദൈവനിർദ്ദേശങ്ങളും സഹായവും അടിക്കടി കിട്ടിയിരുന്നു. ഇതിനൊക്കെപുറമെ അയ്യായിരം മലക്കുകളുടെ പിൻബലവും.........എന്നാൽ നിങ്ങൾക്കെന്തുണ്ട്?''

അർത്ഥഗർഭമായി മന്ദഹസിച്ചുകൊണ്ടു സ്നേഹിതൻ പ്രസ്താവിച്ചു. ''ഇപ്പോഴാണ് സുഹൃത്തേ, നാം പരസ്പരം അടുക്കുന്നത്......ഞാൻ നബിയോ, റസൂലോ അല്ല. എനിക്ക് ദൈവനിർദ്ദേശം കിട്ടുന്നില്ല. മലക്കുകളുടെ പിൻബലവുമില്ല. എന്നിരുന്നാലും ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ദൈവത്തെ വിശ്വസിക്കുകയും നബി(സ)യുടെ കാല്പാടുകളെ പിന്തുടരുകയുംചെയ്യുന്ന എല്ലാവർക്കും അവിടുത്തേക്ക അല്ലാഹു നല്കിയ സഹായം—വഹ്‌യും മലക്കുകളും ഒഴിച്ച്—കിട്ടുമെന്നു ന്യായമായും പ്രതീക്ഷിക്കാം. ഇവിടെ സ്ഥലകാല വ്യത്യാസമില്ല. ഭൂമുഖത്തുള്ള വിശ്വാസികളെല്ലാം തുല്യരാണ്. നബി(സ) കാണിച്ചുതന്ന സന്മാർഗ്ഗത്തിൽ ഉറച്ചുനില്ക്കുന്നേടത്തോളം കാലം ആ മഹത്തായ പാരമ്പര്യത്തിന്റെ അവകാശികളാണ് സത്യവിശ്വാസികൾ.

സ്നേഹിതാ, ആ മഹത്തായ പാരമ്പര്യം പരീക്ഷണവും, ആശ്വാസവും, സമരവും സഹായവും, സന്താപവും സന്തോഷവും ഇഴകിച്ചേർന്നിട്ടുള്ളതാണ്... പക്ഷേ ഭാവി വ്യക്തവും സുപരിചിതവുമായിരിക്കും.

''തീർച്ചയായും നിങ്ങൾ പരീക്ഷിക്കപ്പെടും. നിങ്ങളുടെ ധനങ്ങളിലും ശരീരങ്ങളിലും. പൂർവ്വവേദക്കാരിൽനിന്നും ബഹുദൈവ വിശ്വാസികളിൽനിന്നും ദ്രോഹകരമായ പലതും നിങ്ങൾക്ക് കേൾക്കേണ്ടിവരും. നിങ്ങൾ ക്ഷമിക്കുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുമെങ്കിൽ അതാണ് വിവേകത്തിന്റെ മാർഗ്ഗം.''

''നിങ്ങൾ ദുർബ്ബലരാകരുത്; ദുഃഖിക്കരുത്. സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾതന്നെ വിജയി



കൾ. നിങ്ങൾക്ക് ദുരിതം സംഭവിച്ചിട്ടുണ്ടെങ്കിൽ (അത് പുത്തരിയല്ല) അമ്മാതിരി ദുരിതങ്ങൾ മുമ്പ് പലരും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. (ക്ലേശപൂർണ്ണമായ) ആ കാലഘട്ടത്തെ ജനങ്ങൾക്കിടയിൽ നാം നിലനിറുത്തും. വിശ്വാസമുള്ളവർ ആരെന്ന് അല്ലാഹുവിന്ന് അറിയാനും നിങ്ങളിൽനിന്നു തന്നെ സാക്ഷികളെയുണ്ടാക്കാനും, അക്രമികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. വിശ്വാസികളെ സംസ്കരിച്ചെടുക്കാനും അവിശ്വാസികളെ നിർമ്മൂലനംചെയ്യാനും കൂടിയാണിത്. നിങ്ങളിൽ, സമരംനടത്തുന്നതാരെന്നും ക്ഷമാശീലർ ആരെന്നും പരീക്ഷണത്തിലൂടെ അല്ലാഹു മനസ്സിലാക്കാതെ, സ്വർഗ്ഗത്തിൽ കടന്നുകളയാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? മരണത്തെ നിങ്ങൾ കൊതിച്ചിരുന്നു, അതുമായി കണ്ടുമുട്ടുന്നതിന്നുമുമ്പ്. എന്നാൽ ഇപ്പോഴിതാ ആ മരണത്തെ നിങ്ങൾ മുമ്പിൽ കണ്ടുകഴിഞ്ഞു.''

പിന്നെയും ഖുർആൻ വാക്യങ്ങളുദ്ധരിക്കാൻ ശ്രമിക്കുകയായിരുന്നു സ്നേഹിതൻ. ഈ സമയം അപരൻ നിർത്താൻ ആംഗ്യം കാണിച്ചിട്ട് പറഞ്ഞു: ''മനസ്സിലായി. എനിക്ക് മനസ്സിലായി. അപ്പോൾ മരണമാണ് നിങ്ങളുടെ ആവശ്യം?''

''അല്ല. താങ്കൾക്ക് ഇനിയും എന്നെ മനസ്സിലായില്ല.'' സ്നേഹിതൻ വിശദീകരിച്ചു. ''മരിക്കണമെന്ന ഉദ്ദേശം എനിക്കില്ല. അതു ഞാൻ തറപ്പിച്ചുപറയുന്നു. ജീവിക്കണം. ദീർഘകാലം ജീവിക്കണം—അതാണ് എന്റെ ആവശ്യം. ജീവിതം എനിക്ക് മടുത്തിട്ടില്ല. എന്നിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ ഇതുവരെയായി ഞാൻ ചെയ്തുതീർത്തിട്ടുമില്ല. മറെറാരു കാര്യം: അല്ലാഹുവുമായി അകന്നാണ് കുറച്ചുകാലം ഞാൻ ജീവിച്ചത്. അതിന്റെ പരിഹാരമെന്നോണം ഭവനമായി കൂടുതൽ ബന്ധപ്പെട്ട് ജീവിക്കണം. എന്നാലേ സമതുലിതാവസ്ഥ കൈവരൂ. ചുരുക്കത്തിൽ ഭാരിച്ച ചുമതലകളുള്ള ഒരാളാണ് ഞാനെന്ന കാര്യം എനിക്ക് വിസ്മരിച്ചുകൂടാ.''

''നിങ്ങളുടെ അഭ്യന്തര കാര്യത്തിൽ ഞാൻ കൈകടത്തുന്നില്ല. എല്ലാം നിങ്ങളുടെ ഇഷ്ടം. എനിക്ക് അതിലെന്തുകാര്യം?'' കൂട്ടുകാരൻ ഇടയിൽകടന്നു പറഞ്ഞു: ''പക്ഷെ നിങ്ങളുടെ സ്ഥിതിയിൽ എനിക്ക് ആശങ്ക തോന്നുന്നു. ഭാരിച്ച ചുമതലകൾ വഹിക്കാൻ നിങ്ങൾക്ക് ആരോഗ്യമില്ല. മരണത്തോട് അടുത്ത പ്രായം. ആ സ്ഥിതിക്കു കുടുംബത്തിന്നുവേണ്ടി നിങ്ങൾ എന്ത് സമ്പാദിച്ചിട്ടുണ്ട്? കുറേ പുസ്തകങ്ങളല്ലാതെ.''

സ്നേഹിതൻ സാവകാശം ഇങ്ങനെ മറുപടി നല്കി: ''ഞാൻ ഈ നിമിഷത്തിൽതന്നെ മരണപ്പെട്ടുവെന്നിരിക്കട്ടെ. എത്രാനും ശ്വാസമാണല്ലോ ജീവിതം. അത് നിലക്കുകയേ വേണ്ടു മരിക്കാൻ? അപ്പോൾ എന്റെ കുടുംബം എന്തുചെയ്യും? ഭൂഗർഭത്തിലേക്ക് താഴുമോ അവർ? അതോ കോണി

വെച്ച് ആകാശത്തേക്ക് കേറിപ്പോകുമോ?

“നീ പറയുക: നിങ്ങൾ സ്വഭവനങ്ങളിലായിരുന്നാലും വധിക്കപ്പെടാൻ വിധിയുള്ളവർ അതിൽനിന്ന് രക്ഷപ്പെടുകയില്ല.”

സുഹൃത്തേ! മുമ്പുപറഞ്ഞതുപോലെ മരിക്കണമെന്ന് എനിക്കുദ്ദേശമില്ല......ജീവിതവും മരണവും അല്ലാഹുവിന്റെ അറിവിൽ പരിമിതമാണ്. കർത്തവ്യനിർവ്വഹണത്തിലോ, അധർമ്മത്തെ ചെറുക്കുന്നതിലോ, എന്തിന്, കച്ചവടം, ജീവിതസന്ധാരണം തുടങ്ങിയ കാര്യങ്ങളിൽപോലും അത് തടസ്സമാവാൻ പാടില്ല.

“നാളെ താൻ എന്തുചെയ്യുമെന്ന് ഒരാൾക്കും അറിയില്ല. താൻ എവിടെവെച്ചു മരിക്കുമെന്നും ആർക്കും നിശ്ചയമില്ല.”

“നിങ്ങളുടെ വാദഗതിയെ ശരിവെക്കുന്ന ഒരു സംഭവകഥ ഞാൻ പറയാം,” പെട്ടെന്ന് കൂട്ടുകാരൻ അറിയിച്ചു. “1930ലാണ് അത് നടന്നത്. അന്ന് അദ്ധ്യാപകലോകത്തിന്ന് ധാരാളം പരാധീനതകളുണ്ടായിരുന്നു. പരിശീലനകേന്ദ്രങ്ങളിൽനിന്ന് പുറത്തുവരുന്ന അദ്ധ്യാപകർക്ക് ഗവർമ്മെണ്ട് സ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും അപൂർവ്വമായേ ഉദ്യോഗം ലഭിച്ചിരുന്നുള്ളൂ. മാനേജർമാർ നിയമനത്തിന്ന് കടുത്ത നിബന്ധനകളാണ് ചുമത്തിയിരുന്നത്. പലപ്പോഴും തുച്ഛശമ്പളമേ അനുവദിച്ചിരുന്നുള്ളൂ. വേനല്ക്കാലത്ത് തീരെ ശമ്പളം തരില്ലെന്ന വ്യവസ്ഥയും ചില മാനേജർമാർ അദ്ധ്യാപകരുടെമേൽ വെച്ചുകെട്ടിയിരുന്നു......എനിക്ക് ഒരു സ്നേഹിതനുണ്ടായിരുന്നു. കുടുംബഭാരം കൊണ്ടാവണം എപ്പോഴും വിഷാദഭരിതനായിട്ടാണ് അദ്ദേഹത്തെ ഞാൻ കാണാറ്. വേനല്ക്കാലത്ത് അദ്ദേഹവും കുടുംബവും എന്തുചെയ്യും? തുച്ഛമായ ശമ്പളത്തിൽനിന്ന് ഒരു ഭാഗം കരുതിവെക്കാൻ മറ്റുമാസങ്ങളിൽ കഴിയാറില്ല... ദുഃഖാകുലനായ അദ്ദേഹം ഒരിക്കൽ തന്റെ പരാധീനതകൾ ഒരു ഗ്രാമീണന്ന് വിവരിച്ചുകൊടുക്കുകയായിരുന്നു. ശുദ്ധഗതിക്കാരനായ ആ ഗ്രാമീണൻ തത്സമയം നിഷേധഭാവത്തിൽ ചോദിച്ചു: “നമ്മുടെ രക്ഷിതാവായ അല്ലാഹു മരിച്ചുപോയോ, സ്നേഹിതാ?”

രണ്ടുപേരും നിശ്ശബ്ദരായി. അഗാധ നിശ്ശബ്ദത......വാക്കുകളിൽ ഒതുങ്ങാത്ത അർത്ഥഗർഭമായ മൗനം......

* * * *

ഈ സംഭാഷണം നടന്നുകൊണ്ടിരിക്കുമ്പോൾ ഞാനും സ്ഥലത്തുണ്ട്. വലിഞ്ഞുകേറിച്ചെന്നതോ, ചാരനെപ്പോലെ ഒളിച്ചിരുന്നു കേട്ടതോ അല്ല. പൊതുസ്ഥലത്തുവെച്ചായിരുന്നു സംഭാഷണം. അടുത്ത് കുറേ ആളുകളുണ്ട്. അവരൊന്നും കേൾക്കുമാറാണിത് നടന്നത്. കൂട്ടത്തിലൊരാൾ ഞാനും... ആ രണ്ട് സുഹൃത്തുക്കളുടെ മൗനം എനിക്ക് മനസ്സിലായി. എത്ര അർത്ഥവത്തായ ചോദ്യം! അല്ലാഹു മരിച്ചുകഴിഞ്ഞോ? അനശ്വരനായ ആ ലോകനിയന്താവ് എത്ര പരിശുദ്ധൻ......!



അനന്തരം എന്റെ മനസ്സിൽ ചിന്തകൾ നാമ്പെടുത്തുതുടങ്ങി. പ്രവർത്തകന്മാർക്ക് പ്രവർത്തനത്തിനുള്ള കരുത്തും ശക്തിയും എവിടെനിന്നു ലഭിക്കും?

നാട്ടുകാരുടെ സ്നേഹാദരങ്ങളിൽനിന്നോ? ഇല്ല. അത് നിലനില്ക്കാത്ത നേട്ടമാണ്. ജനാവലി ചിലപ്പോൾ അനുകൂലിക്കും; ചിലപ്പോൾ എതിർക്കും. ഗുണകാംക്ഷികളെ ദ്രോഹിക്കുകയും നാശകാരികൾക്ക് കൈമണി മുട്ടുകയും ചെയ്യും.

ആത്മവിശ്വാസവും സ്വയം സന്നദ്ധതയും പ്രവർത്തനശക്തി പ്രദാനംചെയ്യുമോ? ഇല്ല. അതും ക്ഷണഭംഗുരമാണ്. മനസ്സ് ചിലപ്പോൾ പ്രലോഭനങ്ങളുടെയും ഭീഷണികളുടെയും മുമ്പിൽ പതറിപ്പോകും. ഈ പരിതസ്ഥിതിയിൽ ഉറച്ചുനിന്നാൽതന്നെ നാടും നാട്ടാരും ഒരുമിച്ചെതിർക്കുമ്പോൾ പതറാതിരിക്കില്ല. നിസ്വാർത്ഥരായ മാന്യന്മാർക്കെതിരിൽ സംഘടിതമായ ദുഷ്പ്രചരണം സാധാരണമാണല്ലോ.

അപ്പോൾ അചഞ്ചലവും സുദൃഢവുമായ ഒരു അടിത്തറ കണ്ടെത്താതെ തരമില്ല. ഭൗതികശക്തികളെക്കാളുപരിയായ ഒരു ശക്തിയിൽ വിശ്വസിക്കണം. എന്നാലേ പ്രവർത്തകന്മാർ ഭീഷണികൾക്ക് വശംവദരാവാതിരിക്കൂ. ഭൗതികനേട്ടങ്ങളെക്കാൾ മെച്ചപ്പെട്ട പ്രതിഫലവും ആവശ്യമാണ്. പ്രലോഭനങ്ങളെ അതിജീവിക്കാൻ അത് സഹായിക്കും. നാടും നാട്ടാരും എതിർക്കുമ്പോൾ അടിപതറാതിരിക്കാൻ ഭൗതിക ബന്ധങ്ങളെക്കാൾ സുദൃഢമായ ഒരു ബന്ധവുമുണ്ടായിരിക്കണം......

പ്രവർത്തകന്മാർ ഭൗതിക നേട്ടങ്ങൾ പരതുന്നത് വെറുതെയാണ്. ഈ ജീവിതത്തിൽനിന്ന് ശക്തിയാർജ്ജിക്കാനുള്ള ശ്രമം വിഫലവുമാണ്.

സുസ്ഥിരമായ ഒരു അടിത്തറയേ ഉള്ളൂ. ക്ഷയിക്കാത്ത ഒറ്റ ശക്തിയേയുള്ളൂ......

അതാണ് ദൈവവിശ്വാസം...

## ഇന്നാ ലില്ലാഹി......

തിരൂരങ്ങാടിയിലെ ഒരു പൊതുകാര്യ പ്രസക്തനും പഴക്കംചെന്ന ഒരു മുവഹിദുമായ വലിയാട്ട് കുഞ്ഞഹമ്മദ്ഹാജി (61 വയസ്സ്) കഴിഞ്ഞമാസം 14-ാംനു നിര്യാതനായി. കെ. എം. മൗലവിസാഹിബിന്റെ ഉത്തമശിഷ്യനും, നൂറുൽ ഇസ്ലാം മദ്രസ്സ, തിരൂരങ്ങാടി യതീംഖാന എന്നീ സ്ഥാപനങ്ങളുടെ ഒരു അഭ്യുദയകാംക്ഷിയുമായിരുന്നു അദ്ദേഹം. അല്ലാഹു പരേതന്ന് പരലോകമോക്ഷം നല്കട്ടെ.

—ആമീൻ.

HID STUDENTS

# മുസ്ലിംകൾ അമേരിക്കയിൽ

## പി. പി. ഹസൻ മദനി

അമേരിക്കയിൽ മുസ്ലിംകൾ ഗണ്യമായി അധിവസിക്കുന്നത് ഐക്യനാടു (U. S. A.) കളിലും കനഡയിലുമാണ്. ഈ രണ്ടു രാജ്യങ്ങളിലുമായി പത്തുലക്ഷത്തോളം മുസ്ലിംകളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

അമേരിക്കൻ മുസ്ലിംകളിൽ ഗണ്യമായ ഒരുഭാഗം അന്യരാജ്യങ്ങളിൽനിന്നും കുടിയേറിപ്പാർത്തവരത്രെ. ഇന്ത്യ, പാകിസ്ഥാൻ, ഇന്തോനീഷ്യ, തുർക്കി, അൽബേനിയ, യൂഗോസ്ലാവിയ, റഷ്യ, മൊറൊക്കൊ, ഈജിപ്ത്, സിറിയ, ലബ്നാൻ, ഫലസ്തീൻ, സഊദി അറേബ്യ, യമൻ, സുഡാൻ, സോമാലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വന്ന് താമസിക്കുന്നവർ ഏതാനും ദശലക്ഷങ്ങൾതന്നെയുണ്ട്. ഇവക്ക് പുറമെ, അമേരിക്കയിലെ കറുത്തവർഗ്ഗക്കാർ ഇസ്ലാമിലേക്കു കൂട്ടംകൂട്ടമായി വന്നുകൊണ്ടിരിക്കുകയാണ്. വർഗ്ഗ വിവേചനത്തിന്ന് വിധേയരായ ഇക്കൂട്ടർ ആഫ്രിക്കയിൽനിന്നു ആദ്യമായി കുടിയേറിപ്പാർത്തവരാണ്. പിന്നീട് അവിടേക്കുചെന്ന യൂറോപ്യക്കു കാർഷികവൃത്തിയിലും മററും ഇവർ അങ്ങേയററം സഹായമായി.

വിവിധ രാജ്യങ്ങളിൽനിന്നു വന്ന മുസ്ലിംകൾ അവരുടേതായ സ്വന്തം സംഘടനകൾ രൂപീകരിക്കുകയുണ്ടായി. ന്യൂയോക്ക് നഗരത്തിൽമാത്രം ഇരുപതിലധികം മുസ്ലിം സംഘടനകളുണ്ടെന്നു കേൾക്കുമ്പോൾ നമുക്കത്ഭുതം തോന്നും. നൈൽതീര യൂനിയൻ, പാകിസ്ഥാനി യൂനിയൻ, അമേരിക്കൻ യമനീസംഘടന, അമേരിക്കൻ യുവജനഫെഡറേഷൻ, മുസ്ലിം വനിതാ സംഘം തുടങ്ങിയവ അതിലുൾപ്പെടുന്നു.

ഇയ്യിടെയായി ഐക്യനാടുകളിലും കനഡയിലുമുള്ള എല്ലാ മുസ്ലിം സംഘടനകളുടെയും ഒരു ഫെഡറേഷൻ സ്ഥാപിക്കപ്പെട്ടു. വിശാലമായ അടിസ്ഥാനത്തിൽ അമേരിക്കൻവൻകരയിലെ മുസ്ലിംകളുടെ പ്രശ്നങ്ങൾ കയ്യാളുന്ന ഒരു മഹത്തായ സംഘടനയായി അത് രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മുസ്ലിംകളുടെമതപരവും സാംസ്കാരികവും സാമൂഹ്യവുമായ നവോത്ഥാനത്തിന്നുവേണ്ടി പ്രസ്തുത ഫെഡറേഷൻ അവിരാമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 1952ൽ ചേർന്ന അമേരിക്കൻ മുസ്ലിം കോൺഫ്രൻസിൽ വെച്ച് രൂപമെടുത്ത ഈ ഫെഡറേഷൻ ഇസ്ലാമിക സംസ്കരണ രംഗത്ത് മാത്രമല്ല, വിവിധരാജ്യങ്ങളിലെ മുസ്ലികളുമായി സുശക്തമായ സാഹോദര്യബന്ധം സ്ഥാപിക്കുന്നതിലും വിലപ്പെട്ട സംഭാവനകൾ അർപ്പിക്കുമെന്നു ന്യായമായും പ്രതീക്ഷിക്കാം.

അമേരിക്കയിലെ മുസ്ലിം സംഘടനാ പ്രവർത്തനങ്ങളുടെ ഏററവും വലിയനേട്ടം വിവിധ മുസ്ലിം രാജ്യങ്ങളുടെ ശ്രദ്ധയാകർഷിക്കാൻ അവക്ക് കഴിഞ്ഞുവെന്നുള്ളതാണ്. തൽഫലമായി വാഷിങ്ടണിൽ ഒരു ഇസ്ലാമിക സാംസ്കാരികകേന്ദ്രം സ്ഥാപിക്കപ്പെടുകയും അതിന്റെ മുഴുവൻ ചെലവും മുസ്ലിംരാഷ്ട്രങ്ങൾ വീതിച്ചെടുക്കുകയുമുണ്ടായി. അടുത്തകാലത്തായി അമേരിക്കയിൽ ഒരു വമ്പിച്ച ഇസ്ലാമിക സാംസ്കാരിക നവോത്ഥാനപ്രസ്ഥാനംതന്നെ അലയടിച്ചുയരുകയാണ്. പല അമേരിക്കൻ സർവ്വകലാശാലകളും അറബി ഇസ്ലാമിക് പഠനങ്ങൾക്ക് പ്രാമുഖ്യം നൽകുകയുണ്ടായി. ഇതിന്നു പുറമെ വാഷിങ്ടണിലെ സാംസ്കാരികകേന്ദ്രത്തെ മാതൃകയാക്കി വൻ നഗരങ്ങളിലെല്ലാം അത്തരം കേന്ദ്രങ്ങൾ സ്ഥാപിച്ച് മുറക്ക് പ്രവർത്തനം നടത്തിവരുന്നു.

ക്ലബ്ബുകളിലും വിജ്ഞാന സദസ്സുകളിലും ഇസ്ലാമിനെ കുറിച്ചു പ്രഭാഷണ പരമ്പരകൾ നടത്തുകയാണ് ഇത്തരം സാംസ്കാരിക കേന്ദ്രങ്ങളുടെ ഒരു കൃത്യം. ഇസ്ലാമിക തത്വങ്ങളെയും അദ്ധ്യാപനങ്ങളെയും കുറിച്ചു ശാന്തമായൊരന്തരീക്ഷത്തിൽ ജനതയെ ബോദ്ധ്യപ്പെടുത്തുന്നതിലും, ഇസ്ലാമിനെ സംബന്ധിച്ചു ജനഹൃദയങ്ങളിൽ അടിയുറച്ചിരുന്ന വിചിത്രമായ പല തെററുധാരണകളെയും അകററുന്നതിലും ഈ പ്രഭാഷണങ്ങൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. തൽഫലമായി ഇസ്ലാമിക സംസ്കാരത്തോട് മതിപ്പ് പ്രകടിപ്പിക്കുന്നതിന്നും ദീർഘകാലം അജ്ഞതയുടെ മാറാലകൾ പേറി നടന്നതിൽ ഖേദം പ്രകടിപ്പിക്കുന്നതിന്നും പലരും മുന്നോട്ടുവരികയുണ്ടായി. അമേരിക്കയിലെ വിവിധ മുസ്ലിംരാജ്യങ്ങളുടെ അംബാസഡർമാരുടെയും നയതന്ത്രപ്രതിനിധികളുടെയും പ്രത്യേക മേൽനോട്ടത്തിൽ നടക്കുന്ന ഈ സാംസ്കാരിക കേന്ദ്രത്തിന്ന് എല്ലാ മുസ്ലിം രാജ്യങ്ങളുടെയും ഉദാരമായ സഹായ സഹകരണങ്ങൾ ലഭിക്കുന്നുണ്ടെന്ന വസ്തുത ചാരിതാർത്ഥ്യജനകമത്രെ.

അമേരിക്കയിലെ വിപുലമായ അനുവാചകലോകത്തെ ഇസ്ലാമികാദർശങ്ങളിലേക്കാകർഷിക്കാൻ ഉപയുക്തമാകുമാറ് ഒരു ത്രൈമാസികം പുറത്തിറക്കുന്ന കാര്യം ഇപ്പോൾ കേന്ദ്രത്തിന്റെ സത്വരശ്രദ്ധക്ക് വിഷയീഭവിച്ചുകൊണ്ടിരിക്കയാണ്.

1954 ജൂലായിൽ ചിക്കാഗോനഗരത്തിൽ ചേർന്ന ഇസ്ലാമികകോൺഫ്രൻസ് ലോകശ്രദ്ധയെ ഹഠാദാകർഷിക്കുകയുണ്ടായി. ജുമുഅ നമസ്കാരത്തോടുകൂടിയാണു് സമ്മേളനം ഉൽഘാടനം ചെയ്യപ്പെട്ടത്. പത്ര–ടെലിവിഷൻ ഫോട്ടോഗ്രാഫർമാർ നമസ്കാരത്തിലെ വിവിധകർമ്മങ്ങൾ ക്യാമറകളിലേക്ക് പകർത്താൻ തിങ്ങിക്കൂടി. ന്യൂയോർക്ക് ടൈംസ് കഴിഞ്ഞാൽ അമേരിക്കയിൽ ഏററവും അധികം പ്രചാരമുള്ള പത്രമായ 'ചിക്കാഗോ ഹെറാൾഡ് ട്രിബ്യൂണൽ' പിറ്റേദിവസം സമ്മേളനവാർത്ത പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. ചിക്കാഗോവിലെ പത്രങ്ങൾ ആദ്യമായി ഇസ്ലാമിനെകുറിച്ച് പരമാർശം നടത്തവേ, മുസ്ലിംകളുടെ ഈ സംരംഭത്തെ സഹർഷം സ്വാഗതം ചെയ്തു. തുടർന്ന് പലനഗരങ്ങളിലും കോൺഫ്രൻസുകൾ നടത്തപ്പെട്ടു. ബുദ്ധിജീവികൾക്കിടയിൽ ഇസ്ലാമിനെ പരിചയപ്പെടുത്താൻ ഉതകുമാറുള്ള പ്രഭാഷണങ്ങളും വാഗ്വാദങ്ങളും ചർച്ചകളും പ്രസ്തുത സമ്മേളനങ്ങളുടെ സമാകർഷകങ്ങളായ സവിശേഷതകളായിരുന്നു.

അമേരിക്കയിലായാലും യൂറോപ്പിലായാലും ഇസ്ലാമിനെ ചവിട്ടിതാഴ്ത്തുകയും അതിനെപറ്റി തെറ്റുധാരണകൾ പരത്തുകയുംചെയ്യുന്ന ജോലിസിയോണിസ്റ്റുകളാണ് ഏറെറടുത്തിട്ടുള്ളത്. സ്വാത്മലക്ഷ്യങ്ങൾക്കവേണ്ടി നടത്തുന്ന ഇത്തരം വിഷലിപ്തമായ വ്യാജ പ്രചരണങ്ങൾ സർവ്വശക്തിയുമുപയോഗിച്ചു നേരിടേണ്ടത് ഇസ്ലാമിൻെറ സാർവ്വലൗകികമായ നിലനില്പിന്നും വിജയത്തിന്നും അത്യന്താപേക്ഷിതമത്രെ.

—...—

Phone: 147. Gram: UMMER BEEDI.

മേന്മയിലും ഗുണത്തിലും മികവുററ

**കെ. ഉമ്മർ ബീഡി**

ഉന്മേഷത്തിൻെറ ഉറവിടം, സംതൃപ്തിയുടെ സാക്ഷാൽക്കാരം

K. UMMER & SONS, TELLICHERRY.

*Stockists:-*

P. Assoo C/o. Mahe Stores, Palghat-1

# ചരിത്രം നൽകുന്ന പാഠം

കെ. എ. സിദ്ദീഖ്ഹസൈൻ

**പൂ**ർവ്വകാല മുസ്ലിംകളുടെ ചരിത്രം അന്തസ്സുററതും സംഭവബഹുലവുമാണ്. ആത്മാർത്ഥത, ധീരത, എന്നീ ഗുണവിശേഷങ്ങളുടെ പര്യായങ്ങളായിരുന്നു അവർ. അതിരററ ദൈവഭക്തിയും പ്രവാചകസ്നേഹവും അവരുടെ ഗുണവിശേഷങ്ങളായിരുന്നു. ശത്രുപാളയങ്ങളിൽപോലും ഭയത്തിൻേറയും ഭീതിയുടേയും ചുററുപാടിലെ അവർ അനുസ്മൃതരായിട്ടുള്ളൂ. പകൽ അശ്വാരൂഢരായ രണശൂരന്മാരും രാത്രി ആരാധനാനിരതരായ ഋഷിവര്യന്മാരുമായാണ് അവർ അന്യരാൽപോലും വിശേഷിപ്പിക്കപ്പെട്ടിരുന്നത്.

ഹൃദയദ്രവീകരണാത്മകമായ സ്വഭാവസ്നിഗ്ദതയും അനുപമമായഹൃദയവിശാലതയും അവരുടെ വിജയരഹസ്യത്തിൻെറ മുഖ്യഹേതുക്കളായിരുന്നു. ഹിർഖലിൻെറതന്നെ സേനാപതി വിശേഷിപ്പിക്കുന്നതു കാണുക: 'എണ്ണത്തിലും വണ്ണത്തിലും മുന്നിൽ നില്ക്കുന്ന നിങ്ങളെ ജയിക്കാൻമാത്രം അവരാരാണ്" എന്നായിരുന്നു അദ്ദേഹം ചോദിച്ചത്. 'രാത്രി നോമ്പനുഷ്ഠിക്കുന്നവരും കരാർ പാലിക്കുന്നവരും നന്മകൊണ്ട് കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരുമായ അവർ പരസ്പരം നീതിയോടെ വർത്തിക്കുന്നു. നാമാകട്ടെ മദ്യപിക്കുന്നു, വ്യഭിചരിക്കുന്നു, തെമ്മാടിത്വങ്ങളും, അസാന്മാർഗ്ഗികവൃത്തികളും നിർല്ലജ്ജം നടത്തുന്നു. കരാർ ലംഘനവും അക്രമവും പകയും വെച്ചുപുലർത്തുന്നു.'

"നീ പറഞ്ഞതാണ് സത്യം" എന്നു ഹിർഖൽരാജനെക്കൊണ്ടു പറയിച്ച അതേ മഹദ്ഗുണങ്ങൾ തങ്ങളുടെ ശത്രുസങ്കേതങ്ങളിൽപോലും അനുയായികളെ നേടിക്കൊടുത്തു, ഇസ്ലാമിൻെറ ധീരമുജാഹിദുകൾക്ക്.

ഒരു സംഭവം കാണുക; ഹിർഖൽ മുസ്ലിംകൾക്കെതിരിൽ പടയൊരുക്കം നടത്തുന്നു. യർമൂക്കിൽ വെച്ച് ഏററുമുട്ടാനാണ് പുറപ്പാട്. ഈ വാർത്ത ഹിമ്മസിലെ മുസ്‌ലിംകൾ അറിയുന്നു. അവർ തദ്ദേശവാസികളെ അഭിമുഖീകരിച്ചു പറയുന്നു: 'ഹേ, ദേശവാസികളേ! ഇത്രയുംകാലം ഞങ്ങൾ നിങ്ങളെ സഹായിച്ചും നിങ്ങൾക്കെതിരിൽ പ്രതിരോധിച്ചും പോന്നു. എന്നാൽ ഇപ്പോഴിതാ നിങ്ങളെ വിട്ടുപോകുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിരിക്കുന്നു. അതിനാൽ നിങ്ങളിൽനിന്നും വസൂലാക്കിയ നികുതി തിരിച്ചു സ്വീകരിച്ചാലും.'

'ബല്ലാദരീ' തൻ്റെ 'ഫുത്തൂഹുൽബുൽദാനി'ൽ ഈ സംഭവം വിശ

ദീകരിക്കുന്നുണ്ട്. നാമൊന്നു ചിന്തിച്ചുനോക്കുക. ഒരു നാട്ട് ഒരു സൈന്യം ആക്രമിക്കുന്നു. അടക്കിഭരിക്കുന്നു. എന്നിട്ട് തിരിച്ചുപോകുമ്പോൾ അവരിൽനിന്നും പിരിച്ചെടുത്ത നികുതിപോലും തിരിച്ചടക്കുന്നു! ഹാ! എന്തുമാത്രം സമ്മോഹനമായ നീതി!! ചരിത്രം ആദിമുതൽ ഇന്നേവരെ ദർശിച്ചിട്ടില്ലാത്തവിധം അനുപമമായിരുന്നു ഇത്. എന്നുമാത്രമോ? നാട്ടുകാർ തങ്ങളുടെ മുസ്‌ലിം ഭരണാധികാരികളുടെ വേർപാടിൽ വിപ്രതിപത്തി പ്രകടിപ്പിക്കുന്നു. ഹിർഖലിന്നെതിരിൽ വേണമെങ്കിൽ തങ്ങൾകൂടി സമരം ചെയ്യാമെന്നും എന്നിരുന്നാൽ പോലും നിങ്ങൾ ഞങ്ങളെ വെടിയരുതെന്നും 'അവർ കേണപേക്ഷിക്കുന്നു. അങ്ങിനെ അന്യരായ മുസ്ലിംകൾക്ക് വേണ്ടി സ്വന്തക്കാരായ ആൾക്കാരോട് ഒരു ജനത ഒന്നടങ്കം യുദ്ധം ചെയ്യുന്നു......!

ചരിത്രത്തിന്റെ ഏടുകളിൽ മുദ്രിതമായിരിക്കുന്ന നിരവധി സംഭവങ്ങളിൽ ഒന്നു മാത്രമാണിത്. മുസ്‌ലിംകളുമായി സന്ധിയിലായിരുന്ന അന്നത്തെ കൃസ്തീയ-ജൂത നാടുകളിലെ അവസ്ഥ മിക്കവാറും ഇതുതന്നെയായിരുന്നു.

ഇതെല്ലാം പൂർവ്വകാല മുസ്‌ലിംകളുടെ കഥയാണ്. കാലം വീണ്ടും കടന്നുപോയി. മുസ്‌ലിംകൾ തങ്ങളുടെ നിലയും നിലപാടും മറന്നു. തങ്ങളുടെ നിയോഗലക്ഷ്യം വിസ്മരിച്ചു അവർ. അത് ഇതായിരുന്നു. 'ജനങ്ങൾക്കുവേണ്ടി നിയുക്തരായ ഉത്തമ സമുദായമത്രെ നിങ്ങൾ. നിങ്ങൾ നല്ലതിനെ ഉപദേശിക്കുന്നു; തിയ്യതിനെ വിരോധിക്കുന്നു; അല്ലാഹുവിൽ വിശ്വസിക്കുന്നു.'

നന്മയുടെ വക്താക്കളും തിന്മയുടെ നിരാശത്രുക്കളുമായിരുന്ന ഒരു ജനത തിന്മയുടെ വൈതാളികരും നന്മയുടെ വിരോധികളുമായി മാറി. ദൈവ വിശ്വാസികളായിരുന്ന ഉത്തമ സമുദായം അന്ധവിശ്വാസികളും അധമരുമായി ഭവിച്ചു. സൃഷ്ടികളെ സൃഷ്ടികളുടെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചു അല്ലാഹുവിന്റെ മാത്രം അടിമകളാക്കുവാൻ അറേബ്യൻ ഉപദ്വീപിൽനിന്നു പുറത്തുകടന്ന മുസ്‌ലിംകൾ അടിമകളുടെ അടിമകളായി മാറി. ജനങ്ങളെ ഭരിക്കാൻ പുറപ്പെട്ട അവർ ജനങ്ങളാൽ ഭരിക്കപ്പെട്ടു. പ്രതാപത്തിന്റെ പ്രതീകങ്ങളായിരുന്ന അവർ നിന്ദ്യതയുടെ തിക്തചഷകവും പാനംചെയ്തുകഴിഞ്ഞു. അടിമത്വം ജാഹിലിയ്യാ സമുദായങ്ങളെ ചാണിന്നു ചാണായും മുഴത്തിന്നു മുഴമായും പിന്തുടന്നു. സന്മാർഗ്ഗമെന്തെന്നറിയാത്ത ദിവ്യദീപം ദിവാസ്വപ്നത്തിൽപ്പോലും ദർശിക്കാത്ത ഒരു ജനതയെപ്പോലെ അന്യരുടെ പാദദാസരായി കഴിഞ്ഞുകൂടി അവർ.

ഇതൊരു വശത്തു്; മറുവശത്ത് അവരുടെ ഭരണാധികാരികളും നേതാക്കളും 'ഫറോവ'മാരും നംറൂദുമാരുമായിച്ചമഞ്ഞു. അഹങ്കാരവും അമിതവ്യയവും അവർക്കിടയിൽ ആമൂലാഗ്രം വ്യാപിച്ചു. പരസ്പരം പകയും വിദ്വേഷവും വെച്ചുപുലർത്തി. രക്തച്ചൊരിച്ചിലും കരാർ ലംഘനവും അഭിമാന



ഭേദനവും എന്നുവേണ്ട വിശ്വാസരാഹിത്യത്തിന്റേയും ദൈവനിഷേധത്തിന്റേയും പ്രകടനങ്ങളായ സകലവിധ അധാർമ്മികവൃത്തികളും അവർക്കിടയിൽ പ്രത്യക്ഷപ്പെട്ടു. മതത്തിന്റെ കേൻവാസിലായിരുന്നു അവർ അപ്പോഴും പൊതിയപ്പെട്ടിരുന്നത്. പുരോഹിതന്മാരും പുണ്യാത്മാക്കളും അവർക്കിടയിലുമുണ്ടായിരുന്നു. രാജകീയപ്രതാപവും സാമ്പത്തികശേഷിയും അവർക്ക് വേണ്ടുവോളമുണ്ടായിരുന്നു. എന്നിട്ടും ജനദൃഷ്ടിയിലും ലോകദൃഷ്ടിയിലും അവർ നിന്ദ്യരും അധമരുമായിരുന്നു.

'സജസ്ഥാ'നിലെ രാജാവു് മദീനയിലെ ഭരണാധികാരിയായ യസീദുബ്നു അബ്ദിൽമലിക്കിന്റെ ദൂതരോട്ട് ചോദിക്കുന്നതു കാണുക:—"...വയറൊട്ടി, നമസ്കാരംകൊണ്ടു മുഖംകറുത്ത ഒരു കൂട്ടരുണ്ടായിരുന്നുവല്ലോ. അവരെവിടെ?" അവർ പ്രതിവചിച്ചു. 'അവരെല്ലാം കഴിഞ്ഞുപോയി.' രാജാവു് 'അതെ, അവർ നിങ്ങളെക്കാൾ ധീരന്മാരും കരാർ പാലനവ്യഗ്രരുമായിരുന്നു. പക്ഷെ, നിങ്ങൾ സുന്ദരന്മാരാണെന്നു മാത്രം.'

നോക്കൂ! ധീരരായ മുസ്ലിം മുജാഹിദുകളുടെ പിൻഗാമികൾക്കു ലഭിച്ച പ്രതീകരണമാണിത്. ഹിജ്റ രണ്ടാം നൂററാണ്ടിലെ കഥയാണിത്. അനന്തര നൂററാണ്ടുകളിലെകഥ പറയാത്തതാവും ഭേദം.

ദൈവീകസീമകൾ ഉല്ലംഘിച്ചുകൊണ്ട് ഭൂതലത്തിൽ വിനാശവിപ്ലവങ്ങൾ അഴിച്ചുവിട്ട മുസ്‌ലിംകളെ 'സുന്നത്തുല്ലാഹി' വിട്ടുവീഴ്ചകൂടാതെ പിടികൂടി.

മംഗോളിയരും താർത്താരികളും അവരെ ആക്രമിച്ചു; അധീനപ്പെടുത്തി അടക്കിഭരിച്ചു. മുസ്‌ലിംദേശങ്ങളുടെ തെരുവുകളിലൂടെ നിണം ധാരധാരയായി ഒഴുകിയപ്പോൾ; മഹാത്മാക്കളുടേയും പുണ്യാത്മാക്കളുടേയും തലയോട്ടുകൾകൊണ്ട് തെരുവിലിട്ടു പന്തുതട്ടിയപ്പോൾ; മുസ്ലിം തരുണീരത്നങ്ങളെ മാനഭംഗപ്പെടുത്തിയപ്പോൾ അധമരും പതിതരുമായി അവർ കയ്യുംകെട്ടി നോക്കിനിന്നു. അതെ, തങ്ങൾചെയ്ത നന്ദികേടിന്റെയും ധിക്കാരത്തിന്റെയും തിക്തഫലം അനുഭവിപ്പിക്കുകയായിരുന്നു അല്ലാഹു അവരെ.

താർത്താരികളുടെ ആക്രമണവേളയിൽ മുസ്‌ലിംകളിൽ പ്രകടമായ ഭീരുത്വവും പരിതാവസ്ഥയും വിവരിച്ചുകൊണ്ട് ഇബ്നുൽഅസീർ പറയുന്നു: 'താർത്താരി ഭടന്മാർ മുസ്‌ലിം സങ്കേതങ്ങളിൽ കടന്നു അവരെ ഒന്നൊന്നായി അരിഞ്ഞുവീഴ്ത്തിയപ്പോൾ ആയുധധാരികളായ മുസ്‌ലിംകൾപോലും കയ്യുംകെട്ടി കണ്ടുനിന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ട ഒരു സംഭവമിതാണ്. ഒററ താർത്താരി ഭടൻ നൂറോളം മുസ്‌ലിംകളെ അരിഞ്ഞുവീഴ്ത്തി. അവസാനം അയാൾ ഒരു മുസ്‌ലിമിന്റെ മുമ്പിലെത്തുമ്പോഴേക്കും നിരായുധനായിരുന്നു. അന്നേരം തന്റെ മുമ്പിൽ കിടക്കുന്ന കല്ലിൽ തലവെക്കാൻ അയാൾ ആ മുസ്ലിമിനോടാജ്ഞാപിച്ചു. അയാൾ അതു കേട്ടപടി അനുസരിച്ചു. പ്രതിയോഗി ആയുധവുമായി തിരിച്ചുവരുമ്പോൾ അ

യാൽ കല്ലിൽ തലയുംവെച്ചു കാത്തു നിൽക്കുകയായിരുന്നുവത്രെ !! ഹൗ എന്തുമാത്രം ലജ്ജാവഹം! ലോകം അന്നുമാത്രം ദർശിച്ചിട്ടില്ലാത്തത്ര നീചവും നിന്ദ്യവുമായ അനുഭവങ്ങൾവരെ അന്നുണ്ടായി.

താദൃശങ്ങളായ ദുരന്താനുഭവങ്ങൾ മുസ്ലിംകളെ അവരുടെ അബോധാവസ്ഥയിൽനിന്നും ഉണർത്തുവാൻ അല്പമെങ്കിലും പര്യാപ്തമായോ? ഇല്ല; ഒരിക്കലുമില്ല. അവർ കൂടുതൽ ദീർഘമായ നിദ്രയിലാണ്ടുപോവുകയാണുണ്ടായത്. അബോധാവസ്ഥ പതിന്മടങ്ങ് വർദ്ധിക്കുകയാണ് ചെയ്തത്. അതാണ് അല്ലാഹു പറഞ്ഞത്:

"അതെ, നിശ്ചയം. അവരിപ്പോഴും തങ്ങളുടെ അബോധാവസ്ഥയിൽ ഉഴറുകയാണ്."

(നമ്മുടെ ശിക്ഷ അവർക്കെത്തിയപ്പോൾ എന്തുകൊണ്ടവർ വിനീതരായില്ല. എന്നാൽ അവരുടെ ഹൃദയങ്ങൾ കട്ടകട്ടിയായിരിക്കുന്നു. അവരുടെ ചെയ്തികളെ പിശാച് അവർക്ക് ഭംഗിയാക്കി കൊടുത്തിരിക്കുന്നു.)

അക്കാലത്തെ മുസ്‌ലിം സമുദായം ചെന്നായ്ക്കളുടെ വായിൽപ്പെട്ട ആട്ടിൻകുട്ടിയായിരുന്നു. കഴുകന്മാരുടെ കയ്യിലെ 'ശവ'മായിരുന്നു. റസൂൽ(സ) ഒരിക്കൽ പ്രതിവചിച്ചതും മറ്റൊന്നായിരുന്നില്ല.

"തീന്മേശക്കുചുറ്റും കടിപിടികൂട്ടുന്ന തീറ്റക്കാരെപ്പോലെ ഇതരസമുദായങ്ങൾ നിങ്ങളുടെ മേൽ ആക്രമണം നടത്തുന്നതാണ്. ഒരാൾ ചോദിച്ചു. അന്നു ഞങ്ങൾ എണ്ണത്തിൽ കുറവായിരിക്കുമോ നബിയേ! ഇല്ല. അന്നു നിങ്ങൾ എണ്ണത്തിൽ ധാരാളമുണ്ടാവും. പക്ഷെ, പ്രളയത്തിലെ ചണ്ടികണക്കെയായിരിക്കും നിങ്ങൾ. ശത്രുഹൃദയങ്ങളിൽനിന്ന് നിങ്ങളെപ്പറ്റും ബന്ധിച്ച ഭയം അല്ലാഹു പോക്കും. നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ദ്യത നിക്ഷേപിക്കുകയും ചെയ്യും. ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്താണ് നിന്ദ്യത? തിരുനബി പ്രതിവചിച്ചു: 'ദുൻയാപ്രേമവും മരണത്തോടുള്ള വിപ്രതിപത്തിയുമാണത്."

നൂറ്റാണ്ടുകൾ തുടർച്ചയായി മുസ്ലിംസമുദായത്തിന്റെ ഗതി ഇതുതന്നെയായിരുന്നു. 18–ാം നൂറ്റാണ്ടിന്റെ കടവിൽ കാലമണഞ്ഞപ്പോൾ പരിഷ്‌കൃത പാശ്ചാത്യ സാമ്രാജ്യങ്ങൾ അവരെ ഒന്നൊന്നായി വിഴുങ്ങാൻ തുടങ്ങി. ലോകനേതൃത്വം മുസ്‌ലിംകളിൽനിന്നും പാശ്ചാത്യഹസ്തങ്ങളിലേക്കു മാറി. മുസ്‌ലിംകൾ ധാർമ്മികാധഃപതനത്തിന്റെ നെല്ലിപ്പടി കണ്ടതു് അന്നായിരുന്നു. സ്വന്തം ആദർശത്തേയും മാതൃഭൂമിയേയും തുച്ഛവിലക്കു കൈമാറുവാൻ ദുഷ്ടമായ ഒരു തലമുറ അക്കാലത്തു് രംഗപ്രവേശം ചെയ്തു. അതിനാൽ മഹാപ്രളയം കണക്കെ മുസ്‌ലിംനാടുകളിലേക്കു പാശ്ചാത്യൻ സൈന്യനിരകൾ ദ്രുതഗതിയിൽ കുതിച്ചു പാഞ്ഞു. പൗരസ്ത്യരായ താർത്താരികളുടേയും മംഗോളിയരുടേയും ആക്രമണങ്ങളേക്കാൾ ആഴവും ആഘാതവുമേൽപ്പിച്ചതു് ഈ പാശ്ചാത്യൻ ആക്രമണങ്ങളായിരുന്നു. ഒരിക്കൽ പൊലിഞ്ഞും വീണ്ടും ജ്വലിച്ചും അവരുടെ ഹൃദയാന്തരാളത്തിൽ ഒളിഞ്ഞു കിടന്നിരുന്ന ഈമാനി



ന്റെ അവസാനത്തെ അഗ്നിസ്ഫുലിംഗവും അതോടെ അണയാൻ തുടങ്ങി. വെണ്ണീർക്കുമ്പാരത്തിലെ തീക്കനൽകണക്കെ കാലചക്രത്തിന്റെ പ്രചണ്ഡമായ കറക്കത്തിൽ ഇടക്കും തലക്കും ജ്വലിച്ചു വ്യാപിച്ചും പൊലിഞ്ഞുമറഞ്ഞുംകൊണ്ടിരുന്ന മുസ്‌ലിം സമുദായത്തിന്റെ ഒടുങ്ങാത്ത ആദർശവീര്യം പാശ്ചാത്യർക്കെന്നും ഒരു തലവേദനയായിരുന്നു. ആ അത്ഭുതവീര്യത്തെ അസ്തശക്തമാക്കുവാൻ 'പാശ്ചാത്യൻ മന്ത്രവാദികൾ' ഒട്ടുക്കും പ്രയോഗിച്ച അടവുകൾ രണ്ടാണ്. നാളിതുവരെ മുസ്‌ലിം സമുദായത്തെ ബാധിച്ച വിപത്തുകളിൽ അത്യന്തം നാശഹേതുകവും അവതന്നെ. ഭീരുത്വത്തിന്റേയും ബലഹീനതയുടേയും ഉറവിടങ്ങളായ വിശ്വാസദൗർബ്ബല്യവും സന്ദേഹവുമാണ് അവയിൽ ഒന്ന്. രണ്ടാമത്തേതു് മാനസീകാടിമത്തവും അധമബോധവും.

ഈ രോഗം ഒരു ജനതയെ ബാധിച്ചുകഴിഞ്ഞാൽ അവർക്കു തങ്ങളുടെതന്നെ പ്രവൃത്തികളിൽ അവജ്ഞയും വെറുപ്പുമാണുണ്ടാവുക. തങ്ങൾ ചെയ്യുന്ന മതപരവും സാംസ്കാരികവുമായ മുഴു പ്രവർത്തനങ്ങളിലും അവർക്കു കടുത്ത ലജ്ജയും അപമാനബോധവുമാണുണ്ടാവുക. ഇന്നത്തെ മുസ്‌ലിംസമുദായമല്ലെങ്കിൽ മറ്റെന്താണ് ഇതിന്നു് ഏറ്റവും പ്രകടമായ ഉദാഹരണം. ഇന്നത്തെ മുസ്‌ലിംതലമുറ സ്വയം ലജ്ജിക്കുന്നു. ഇസ്സമുദായത്തിൽ പിറന്നുപോയല്ലോ എന്നുപോലും അവർ ഖേദം പ്രകടിപ്പിക്കുന്നു. തങ്ങളുടെ മതസിദ്ധാന്തങ്ങളും വിശ്വാസപ്രമാണങ്ങളും മറ്റുള്ളവരുടെ മുമ്പിൽ തുറന്നു പ്രഖ്യാപിക്കുവാൻ അവർ ലജ്ജിക്കുന്നു. മതാചാരങ്ങളും കർമ്മങ്ങളും പരസ്യമായി പ്രകടിപ്പിക്കുവാൻ അവർ അധൈര്യം കാണിക്കുന്നു. സർവ്വോപരി യൂറോപ്യൻ സംസ്കാരത്തിന്റെ ശ്രേഷ്ഠതയിൽ വിശ്വസിക്കുകയും അതുൾക്കൊള്ളാൻ വെമ്പുകയും ചെയ്യുന്നു അവർ. ജീവിതത്തിന്റെ മുഴുരംഗത്തും ഇസ്ലാമിന്റേതിലുപരി പാശ്ചാത്യൻ ജനതയുടെ സംസ്കാരത്തിന്നു മഹത്വം കൽപ്പിക്കുന്നു. അതെ, മണ്ണടിയാനടുത്ത സംസ്കാരത്തിന്റെ സകലവിധ ചേഷ്ടകളും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണവർ.

പാശ്ചാത്യൻ നാഗരികതയും തത്വശാസ്ത്രവും ഈ രംഗത്തു മുസ്‌ലിംസമുദായത്തിന്റെ ആത്മാവിൽ നടത്തിയ ആക്രമണം ഗുരുതരങ്ങളായ പ്രതിഫലനങ്ങൾതന്നെ സൃഷ്ടിച്ചു. പദാർത്ഥപൂജ, ദുൻയാപ്രേമം, താല്ക്കാലിക നേട്ടം, സ്വാർത്ഥം എന്നീ ഭൗതികതത്വത്തിന്റെ കരിമ്പാറക്കെട്ടുകൾ ദൈവമാർഗ്ഗത്തിലെ സമരം, അർപ്പണം, ത്യാഗം, എന്നിത്യാദി മഹൽ കാര്യങ്ങളിൽ നിന്നും അവരെ അകറ്റിനിറുത്തി. ഇത്തരം ഓലപ്പാമ്പുകളുടെമുമ്പിൽ അറച്ചും മറച്ചും മാറിനിന്നപ്പോൾ കക്ഷത്തിലിരുന്നിരുന്ന മൂസായുടെ വടിയെക്കുറിച്ചവർ ബോധശൂന്യരായിരുന്നു. മുസ്ലിംകൾക്കിടയിൽ ഭീരുത്വം സൃഷ്ടിച്ചുവിട്ടതു് ഇവരായിരുന്നു ദൈവാർപ്പണത്തിൽനിന്നു മുസ്‌ലിംകളെ അവർ അകറ്റിനിറുത്തി. അല്ലാഹുവിനെ അ

വഗണിച്ചു സ്വാശ്രയരായിച്ചമഞ്ഞു ഇക്കൂട്ടർ. ദൈവമാർഗ്ഗത്തിൽ സമരംചെയ്യാനുള്ള മുസ്‌ലിംകളുടെ വികാരാവേശം കെടുത്തിക്കളഞ്ഞു ഇവർ; മതബോധം നശിപ്പിച്ചു. പ്രവിശാലമായ അതിമഹത്തായ സാർവ്വലൗകികാദർശങ്ങൾക്കും മാനുഷികമൂല്യങ്ങൾക്കും പകരം സങ്കുചിതവും ഹ്രസ്വവുമായ ദേശീയ വർഗ്ഗീയ ധാരണകൾ മുസ്‌ലിം സമുദായത്തിലിവർ കടത്തിവിട്ടു.

ആദർശത്തിലും മനോഭാവത്തിലും സംഭവിച്ച ഈ വിനാശം ഫലസ്തീൻയുദ്ധത്തിൽ അതിന്റെ ഏററവും വൃത്തികെട്ട രൂപത്തിൽ പ്രകടമായി. ഹിജ്റ 14-ാം ശതകത്തിൽ അറബ്‌ലോകത്തിന്നും മുസ്‌ലിം സമുദായത്തിന്നും ഏററവും വലിയ അപമാനമായിരുന്നു അത്. 8-ാം നൂററാണ്ടിൽ താത്താരികളോടു പിണഞ്ഞ പരാജയവും മറ്റൊന്നല്ല. സിയോണിസത്തിന്നെതിരിൽ പൊരുതാൻ ഏഴു മുസ്ലിം രാഷ്ട്രങ്ങൾ ഏകോപിച്ചതായിരുന്നു. പക്ഷെ ആ കൊച്ചുരാഷ്ട്രത്തിന്റെ മുമ്പിൽ ഇന്ന് ചൂളിനില്ക്കുകയാണ് മദ്ധ്യപൗരസ്ത്യ ദേശത്തെ "മുടിചൂടാമന്നന്മാർ."

മുസ്‌ലിം ലോകത്തിന്റെ ദൃഷ്ടി മുഴുവൻ അങ്ങോട്ടാണ് തിരിഞ്ഞിരിക്കുന്നത്. അവിടത്തെ സംഭവവികാസങ്ങളെ കുറിച്ചാണവർ ദൈനംദിനം അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഒരു യർമൂക്ക് യുദ്ധങ്ങളെയും ഹത്തീൻ സംഭവവും പ്രതീക്ഷിക്കുകയാണവരവിടെ. എന്തുകൊണ്ട് അവക്കങ്ങിനെ പ്രതീക്ഷിച്ചുകൂടാ! അതേ സമുദായം, അതേ ആദർശം, എണ്ണത്തിലും വണ്ണത്തിലും കുറേക്കൂടി ഏറീട്ടുണ്ടെന്നുമാത്രം. പിന്നെ എന്തുകൊണ്ട് അറബികൾക്ക് വിജയംവരിച്ചുകൂടാ. എന്തുകൊണ്ട് ശത്രുക്കളെ അവക്കു തകർത്തു തരിപ്പണമാക്കിക്കൂടാ.

പക്ഷെ, അറബികൾ തങ്ങളുടെ നിലപാട് മറന്നിരിക്കുകയാണ്. വാസ്തവത്തിൽ അവർ ഇന്നൊരു യർമൂക്കിലാണ് നിലകൊള്ളുന്നത്. എന്നാൽ ഇന്നൊരു വ്യത്യാസം മാത്രം. അതായത് ധീരശൂരരായ പൂർവ്വകാല മുസ്‌ലിംകളെ മുന്നോട്ടു നയിച്ച ഈമാൻ മാത്രം ഇന്നവക്കില്ല.

ഹത്തീൻപോലുള്ള ചുട്ടുപിടിച്ച ഒരു രണാങ്കണത്തിലാണവർ എത്തിപ്പെട്ടിരിക്കുന്നത്. ധീരാദർശനും ദൃഢചിത്തനുമായ വീരമുജാഹിദ് സലാഹുദ്ദീന്റെയും സേനാനികളുടെയും ആത്മാവ് മാത്രം ഇന്നവക്കില്ല. മൃത്യു വിരക്തമായ ഹൃദയവും അടങ്ങാത്ത ജീവിതസ്നേഹവും ഛിന്നഭിന്നമായ ആദർശാശയങ്ങളുമാണ് അവർക്കുള്ളത്. ത്യാഗംകൂടാതെ വിജയംനേടാനവർ കൊതിക്കുന്നു. ഒന്നും അർപ്പിക്കാതെയും വ്യയം ചെയ്യാതെയും തങ്ങളുടെ അഭിമാനവും മാന്യതയും നിലനിർത്താനവർ ആഗ്രഹിക്കുന്നു. അക്കാരണത്താൽ കരകാണാത്ത പരാജയ മഹാസമുദ്രമാണ് അവരെ സ്വാഗതംചെയ്തുകൊണ്ടിരിക്കുന്നത്.

---

## നബിചര്യയിലൂടെ

# വുസൂ മുറിയുന്ന കാരണങ്ങൾ

(തുടർച്ച)

### സി. എ. മുഹമ്മദ് മൗലവി

മുമ്പുദ്ധരിച്ച ആയത്തിലെ لا مستم النساء എന്നവാക്കിന്ന് സ്ത്രീകളെ കൈകൊണ്ട് തൊട്ടു എന്നാണർത്ഥമെന്നും لمستم എന്നൊരു വായനയുള്ളത് അതിനെ ബലപ്പെടുത്തുന്നുവെന്നും അതിനാൽ മലവിസർജ്ജനംപോലെ അതും വുസൂ മുറിയുന്ന ഒരു കാരണമാണെന്ന് ആയത്തു കാണിക്കുന്നുണ്ടെന്നുമാണ്, സ്ത്രീകളെ തൊട്ടാൽ വുസൂ മുറിയുമെന്ന അഭിപ്രായക്കാർ പറയുന്നത്.

'സ്ത്രീകളുമായി സ്പർശനം നടത്തി' എന്നാണല്ലോ നാം തർജ്ജമ കൊടുത്തിരുന്നത്. അതിന്ന് സംയോഗം ചെയ്തു എന്നർത്ഥമാണ് ഇവിടെ എന്ന് ഇബ്നുഅബ്ബാസ്(റ) പറഞ്ഞതനുസരിച്ച് എഴുതിയതാണ് അത്. അദ്ദേഹത്തിന്ന് ഖുർആന്റെ വ്യാഖ്യാനം പഠിപ്പിക്കുവാൻ റസൂൽ (സ) പ്രാർത്ഥിച്ചിട്ടുണ്ടെന്നുള്ളത് പ്രസിദ്ധമാണ്. അതിനാൽ അദ്ദേഹത്തിന്റെ തഫ്സീറിന്നു മറ്റുള്ളവരുടേതിനേക്കാൾ മുൻഗണന നൽകണമെന്നുള്ളത് തർക്കമററതുമാണ്. അലി (റ) ഉം അങ്ങിനെത്തന്നെയാണ് പറഞ്ഞിട്ടുള്ളത്.

لمس എന്നതിന്നും لامس എന്നതിന്നും കൈകൊണ്ട് തൊട്ടു എന്നതന്നെയാണ് ഭാഷയിലെ ആദ്യനിശ്ചയപ്രകാരമുള്ള (حقيقى) ആയ അർത്ഥം. എന്നാൽ അവയെ സംയോഗമെന്ന അർത്ഥത്തിൽ അറബികൾ ഉപയോഗിക്കൽ പതിവുള്ളതാണ്. അതേപോലെത്തന്നെയാണ് ഈ ആയത്തിൽതന്നെയുള്ള

او جاء احد منكم من الغائط

എന്ന വാക്ക് മലവിസർജ്ജനം ചെയ്തു എന്ന അർത്ഥത്തിൽ പറഞ്ഞിട്ടുള്ളത്. غائط എന്നതിന്ന് കുണ്ടുള്ള സ്ഥലം എന്നാണ് ആദ്യനിശ്ചയപ്രകാരമുള്ള അർത്ഥം. മലവിസർജ്ജനത്തിന്ന കുണ്ടുള്ള സ്ഥലത്തു പോകൽ പതിവായിരുന്നതുകൊണ്ടാണ് വിസർജ്ജിച്ചു എന്ന

അത്ഥത്തിന്ന് അത് പറഞ്ഞുവരുന്നത്. മലത്തിന്നുതന്നെയും غائط എന്ന് ഉപയോഗിച്ചുവരുന്നു. "മറപ്പുറയിൽനിന്ന് വന്നു" എന്ന് നാം തർജ്ജമ കൊടുത്തത് ഒരു ഏകദേശത്തർജ്ജമയാണ്.

വ്യക്തമാക്കിപ്പറയൽ ഭംഗിയല്ലാത്ത വാക്കുകൾക്ക് പകരം വ്യംഗ്യമായ വാക്കുകളുപയോഗിക്കൽ ഖുർആന്റെ സാധാരണ വഴക്കമാണ്. ആയത്തിൽ വുസൂ നിർബ്ബന്ധമാകുന്ന ഒരു കാരണവും (മലവിസർജ്ജനം) കുളി നിർബ്ബന്ധമാകുന്ന മറെറാരു കാരണവും (സംയോഗം) പറഞ്ഞുകൊണ്ട്, രണ്ടിനും വെള്ളം കിട്ടാതെ വന്നാൽ 'തയമ്മും' ചെയ്യണമെന്നുപറഞ്ഞിരിക്കയാണ്. لا مستم എന്നതിന്നു കൈകൊണ്ട് തൊട്ടു എന്ന അത്ഥമാണിവിടെ പറയുന്നതെങ്കിൽ, കുളിക്കുപകരം 'തയമ്മും' ചെയ്യണമെന്ന് ആയത്തിൽനിന്ന് ലഭിക്കുകയില്ല. (ഹദീസിൽനിന്ന് ലഭിച്ചാൽ പോരാഞ്ഞിട്ടല്ല. ഹദീസുകൾ തയമ്മുമിന്റെ ബാബിൽ വരും ان شاالله)

സംയോഗമെന്ന അർത്ഥമാണ് ഇവിടെ എന്ന് പറയുന്നതിനെ ആയിശ (റ) യുടെ ഒന്നിലധികം ഹദീസുകൾ ബലപ്പെടുത്തുന്നു. തൊടുന്നതുകൊണ്ട് വുസൂ മുറിയുകയില്ലെന്നാണ് ആ ഹദീസുകൾ കാണിക്കുന്നത്. ഒരു ഹദീസ് ഇങ്ങനെയാണ്:

عن عائشة رضها قالت بئس ما عدلتمونا بالكلب والحمار لقد رأيتني ورسول الله (صلعم) يصلي وأنا مضطجعة بينه وبين القبلة وإذا أراد أن يسجد غمز رجلي فقبضتهما

— رواه البخاري

ആയിശ (റ) യിൽനിന്ന്, അവരിങ്ങനെ പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു. "നിങ്ങൾ ഞങ്ങളെ (സ്ത്രീകളെ) നായയോടും, കഴുതയോടും തുല്യപ്പെടുത്തുന്നതെത്ര നീചം. (മോശം) റസൂൽ (സ.) നമസ്കരിക്കുമ്പോൾ തിരുമേനിയുടേയും ഖിബ്ലയുടേയും ഇടയിൽ ചരിഞ്ഞ് കിടക്കുന്നവളായി എന്നെ ഞാൻ കണ്ടിട്ടുണ്ട്. അവിടന്ന് സുജൂദ് ചെയ്യുവാനുദ്ദേശിക്കുമ്പോൾ എന്റെ കാലുകളിൽ തൊടുകയും അപ്പോൾ ഞാൻ അവ ചുരുക്കുകയും ചെയ്യും."

മുസ്ലിമും, തിർമിദിയും നിവേദനംചെയ്ത ആയിശാ ബീവിയുടെ മറെറാരു ഹദീസിൽ തിരുമേനി നമസ്ക്കരിക്കുമ്പോൾ (സുജൂദിലായിരിക്കുമ്പോൾ) അവരുടെ കൈ തിരുമേനിയുടെ കാലടിയിൽ വെച്ചു എന്നുണ്ട്.



സ്ത്രീപുരുഷന്മാർ തമ്മിൽ തൊട്ടാൽ വുസൂ മുറിയുമെന്ന് സ്ഥാപിക്കുവാൻ മതിയായ ഹദീസൊന്നും നബി (സ. അ) യിൽനിന്ന് വന്നിട്ടില്ല. ഇബ്നു ഉമർ, ഇബ്നു മസ്ഊദ് എന്നിവരുടെ വാക്കുകളായി അങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ആകയാൽ തൊടൽകൊണ്ട് വുസൂ മുറിയുമെന്ന് ഖണ്ഡിതമായി പറയുവാൻ വയ്യ. വുസൂ മുറിയുമെന്ന് ഉറപ്പായ തെളിവ് കിട്ടാതിരിക്കുമ്പോൾ നേരത്തെ പറഞ്ഞ നിയമപ്രകാരം പൂർവ്വസ്ഥിതി (ശുദ്ധി) നിലവിലുണ്ടെന്ന് വെക്കുകയാണല്ലോ വേണ്ടത്.

ഗുഹ്യസ്ഥാനം തൊടുന്നതുകൊണ്ട് വുസൂ മുറിയുമെന്ന് താഴെ പറയുന്ന ഹദീസ് കാണിക്കുന്നു.

عن بسرة بنت صفوان أن النبي صلعم قال من مس ذكره فلا يصلي حتى يتوضأ رواه الخمسة وصححه الترمذي وقال البخاري هو اصح شيئ فى هذا الباب وفى رواية لاحمد والنسائي عن بسرة أنها سمعت رسول الله صلعم يقول «ويتوضأ من مس الذكر» وهذا يشمل ذكر نفسه وذكر غيره

(منتقى الاخبار)

"ബുസ്റത്ത് (റ. അ) പറയുകയാണ്: നബി (സ) പറഞ്ഞിരിക്കുന്നു: വല്ലവനും തന്റെ ലിംഗം തൊട്ടെങ്കിൽ വുസൂചെയ്യാതെ നമസ്കരിക്കരുത്." ഇത് അഞ്ചാളും (അഹ്മദ്, അബൂദാവൂദ്, തിർമിദി, നസാഈ, ഇബ്നു മാജഃ) നിവേദനം ചെയ്യുകയും 'സഹീഹ്' എന്ന് തിർമിദി പറയുകയും ചെയ്തിരിക്കുന്നു. ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീസുകളിൽവെച്ച് ഏററവും സഹീഹായതാണിതെന്ന് ബുഖാരി പറഞ്ഞിട്ടുമുണ്ട്. അഹ്മദിന്നും നസാഇക്കും, ബുസ്റത്തിൽനിന്നുള്ള മറെറാരു നിവേദനത്തിൽ ലിംഗം തൊട്ടവൻ വുസൂ ചെയ്യണം എന്ന് റസൂൽതിരുമേനി പറയുന്നത് അവർ കേട്ടു എന്നാണുള്ളത്. ഇത് (തന്റെ എന്ന് പറയാതെയുള്ള ഈ വാക്ക്) സ്വന്തം ലിംഗത്തെയും അന്യന്റേതിനേയും ഉൾപ്പെടുത്തുന്നു."

ഈ ഹദീസിൽ ذَكَر എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും മററു ഹദീസുകളിൽ فرج എന്ന വാക്കാണുള്ളത്. ഈ വാക്ക് 'മുൻദ്വാര'ത്തിന്നും, 'പിൻദ്വാര'ത്തിന്നും സ്ത്രീയുടേതിന്നും, പുരുഷന്റേതിന്നും പറയും. സ്ത്രീയുടേയും പുരുഷന്റേയും വെവ്വേറെ പറഞ്ഞിട്ടുള്ള ഒരു ഹദീസുമുണ്ട്. അതിങ്ങനെയാണ്:

عن عمرو بن شعيب عن ابيه عن جده قال قال رسول الله

صلعم اَيُّمَا رَجُلٍ مَسَّ فَرْجَهُ فَلْيَتَوَضَّأْ وَاَيُّمَا امْرَأَةٍ مَسَّتْ فَرْجَهَا فَلْتَتَوَضَّأْ

— رواه احمد

അംറുബ്നു ശുഐബ് തന്റെ പിതാവിൽനിന്നും പിതാവ് പിതാമഹനിൽനിന്നും ഇങ്ങനെ നിവേദനം ചെയ്യുന്നു: "വല്ല പുരുഷനും തന്റെ ഗുഹ്യസ്ഥാനം തൊട്ടെങ്കിൽ വുസൂ ചെയ്യണം. വല്ല സ്ത്രീയും അവളുടെ ഗുഹ്യസ്ഥാനം തൊട്ടെങ്കിൽ അവളും വുസൂ ചെയ്യണം."

കൈകൊണ്ട് മറയില്ലാതെ തൊട്ടാലേ വുസൂ മുറിയൂ എന്ന് താഴെ പറയുന്ന ഹദീസ് കാണിക്കുന്നു.

عن اَبِى هريرة رضه اَنَّ النَّبِىَّ صلعم قال مَنْ اَفْضَى بِيَدِهِ اِلَى ذَكَرِهِ لَيْسَ دُونَهُ سِتْرٌ فَقَدْ وَجَبَ عَلَيْهِ الْوُضُوءُ

—رواه احمد

"അബൂഹുറൈറ പറയുകയാണ്: നബി (സ. അ) ഇങ്ങനെ അരുളിച്ചെയ്തിട്ടുണ്ട്. വല്ലവനും തന്റെ കൈ ലിംഗത്തിൽ മറയില്ലാതെ എത്തിച്ചാൽ അവന്ന് വുസൂ നിർബ്ബന്ധമായി."

ഗുഹ്യസ്ഥാനം കൈപ്പടത്തിന്റെ ഉൾഭാഗം കൊണ്ട് തൊട്ടാലേ വുസൂ മുറിയൂ എന്ന് പറയുന്ന ചിലർ ഹദീസിലെ اَفْضَى بِيَدِهِ എന്ന വാക്കിന്ന് കൈപ്പടത്തിന്റെ ഉൾഭാഗം കൊണ്ട് തൊട്ടു എന്നാണ് അർത്ഥമെന്നും പുറഭാഗം കൊണ്ടായാൽ ഭാഷയിൽ اَفْضَى എന്നു പറയുകയില്ലെന്നും അങ്ങനെ صِحَاح മുതലായ ഭാഷാഗ്രന്ഥങ്ങളിൽ പറയുന്നുണ്ടെന്നും വാദിക്കുന്നു. എന്നാൽ, اِبْنُ سَيِّدِهِ، اِبْنُ حَزْمٍ മുതലായവർ പറയുന്നത് കൈപ്പടങ്ങളുടെ ഉൾഭാഗംകൊണ്ട് തൊടുന്നതിന്ന് ആ വാക്ക ഉപയോഗിക്കുന്നതുപോലെ പുറഭാഗംകൊണ്ട് തൊടുന്നതിനും പറയുമെന്നാണ്. ഉൾഭാഗംകൊണ്ട് തൊട്ടാലേ വുസൂ മുറിയൂ എന്ന് പറയുന്നതിന്ന് കിതാബിൽനിന്നോ,സുന്നത്തിൽനിന്നോ اِجْمَاع ൽനിന്നോ قِيَاس ൽനിന്നോ മറെറാ യാതൊരു തെളിവും ഇല്ലെന്നും اِبن حزم പറഞ്ഞിരിക്കുന്നു.

ഒട്ടകമാംസം തിന്നാൽ വുസൂ മുറിയുമെന്ന് താഴെ പറയുന്ന ഹദീസ് കാണിക്കുന്നു.

عن جابر بن سَمُرَةَ رضه اَنَّ رَجُلًا سَأَلَ رسول الله صلعم اَنَتَوَضَّأُ مِنْ لُحُومِ الْغَنَمِ؟



قال اِنْ شِئْتَ فَتَوَضَّأْ وَاِنْ شِئْتَ فَلَا تَتَوَضَّأْ قال اَنَتَوَضَّأُ مِنْ لُحُومِ الْاِبِلِ؟ قال نَعَمْ تَوَضَّأْ مِنْ لُحُومِ الْاِبِلِ. قال اُصَلِّى فِى مَرَابِضِ الْغَنَمِ؟ قال نَعَمْ. قال اُصَلِّى فِى مَرَابِضِ الْاِبِلِ؟ قال لا.

—رواه احمد ومسلم

"ജാബിറുബ്നു സമുറ (റ. അ) പറയുന്നു. ഒരാൾ റസൂൽതിരുമേനിയോട് ചോദിച്ചു ഞങ്ങൾ ആട്ടിറച്ചി തിന്നാൽ വുസൂ ചെയ്യണമോ? അവിടുന്ന് പറഞ്ഞു: നീ വുസൂ ചെയ്യുവാൻ ഇച്ഛിച്ചെങ്കിൽ ചെയ്യുക. മറിച്ചാണ് ഇച്ഛിച്ചതെങ്കിൽ ചെയ്യേണ്ട. അയാൾ ചോദിച്ചു. ഒട്ടകമാംസം തിന്നാൽ ഞങ്ങൾ വുസൂ ചെയ്യണമോ? അവിടുന്ന് പറഞ്ഞു: അതെ ഒട്ടകമാംസം തിന്നാൽ നീ വുസൂ ചെയ്യണം. അയാൾ ചോദിച്ചു. ആടുകൾ കിടക്കുന്നേടത്തുനിന്ന് ഞാൻ നമസ്കരിക്കട്ടെയോ? അവിടുന്ന് പറഞ്ഞു. അതെ. അയാൾ ചോദിച്ചു ഒട്ടകങ്ങൾ കിടക്കുന്നേടത്തുനിന്ന് ഞാൻ നമസ്ക്കരിക്കട്ടെയോ? അവിടുന്ന് പറഞ്ഞു. അരുത്." ഇച്ഛിച്ചെങ്കിൽ വുസൂചെയ്യുക എന്നു പറഞ്ഞതിൽനിന്ന്, ഇവിടെ വുസൂചെയ്യൽ സുന്നത്താണെന്ന് വരുന്നു.

എന്നാൽ തീകൊണ്ട് പാകം ചെയ്തിട്ടുള്ള എന്ത് തിന്നാലും വുസൂ ചെയ്യേണ്ടതില്ലെന്ന് ജാബിറുബിൻ അബ്ദില്ലാ (റ. അ) ന്റെ ഹദീസിൽനിന്ന് വരുന്നുണ്ട്. അതിനെക്കുറിച്ച് ഇമാം നവവ شرح مسلم ൽ ഇങ്ങിനെ പറയുന്നു: "ജാബിറിന്റെ ഹദീസ് عام ഉം (പൊതുവെയുള്ളത്) ഒട്ടകമാംസം തിന്നാൽ വുസൂ വേണമെന്ന ഹദീസ് خاص (ഒന്നിനെക്കുറിച്ച് പ്രത്യേകമായത്) മാണ്. خاص ന് عام നെക്കാൾ മുൻഗണന കല്പിക്കേണ്ടതാണ്." അതായത് പൊതുവെ പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണിതെന്ന് വെക്കണം. ജാബിറിന്റെ ആ ഹദീസ് ഇങ്ങനെയാണ്:

عن جابر رضه كَانَ آخِرَ الْاَمْرَيْنِ مِنْ رسول الله صلعم تَرْكُ الْوُضُوءِ مِمَّا مَسَّتْهُ النَّارُ رواه ابوداود والنّسائى

"അദ്ദേഹം പറയുകയാണ്. റസൂൽതിരുമേനിയിൽനിന്നുള്ള രണ്ട് കാര്യങ്ങളിൽ (തീ കൊണ്ട് പാകംചെയ്തത് തിന്നാൽ വുസൂ ചെയ്യലും, ചെയ്യാതിരിക്കലും) നിന്ന് അവസാനത്തേത് തീ കൊണ്ട് പാകംചെയ്തത് തിന്നാൽ വുസൂ ചെയ്യാതിരിക്കലാണ്."

تَوَضَّأُوا مِمَّا مَسَّتِ النَّارُ

(തീ കൊണ്ടു് പാകംചെയ്തതു് തിന്നാൽ നിങ്ങൾ വുസു ചെയ്യണം.) എന്നു് പറഞ്ഞുകൊണ്ടുള്ള ഹദീസുകൾ മുസ്ലിമും, അഹ്മദും രേഖപ്പെടുത്തിയിട്ടുണ്ടു്. അതുപോലെ തന്നെ തീകൊണ്ട് പാകം ചെയ്തതു് തിന്നശേഷം വുസുചെയ്യാതെ നബി (സ. അ) നമസ്കരിച്ചുവെന്നു് കാണിക്കുന്ന ഹദീസുകളും സഹീഹായി വന്നിട്ടുണ്ടു്. ഒടുവിലുണ്ടായതു് വുസു ചെയ്യാതിരിക്കലാണെന്നാണല്ലോ ജാബിറിന്റെ ഹദീസിൽ പറഞ്ഞതു്. അതിനാൽ ഒട്ടകംഒഴിച്ചുള്ള തീകൊണ്ടു പാകംചെയ്തവ തിന്നാൽ വുസു ചെയ്യണമെന്ന കല്പന مَنْسُوخ (അസാധുവാക്കപ്പെട്ടതു്) ആണെന്നു് വിചാരിക്കേണ്ടതാണു്.

നബി (സ. അ) നമ്മോടു് ഒരു സംഗതി കല്പിച്ചതിന്നുശേഷം അതിന്നെതിരായി അവിടുന്നു് ചെയ്തതായി കണ്ടാൽ അതു് തിരുമേനിക്കു് പ്രത്യേകമായുള്ളതാണെന്നു് വെക്കേണ്ടതാണല്ലോ എന്നു് ഇവിടെ പറഞ്ഞുകൂടാ. കാരണം ഇമാം അഹ്മദ് രേഖപ്പെടുത്തിയ ഇബ്നു അബ്ബാസിന്റെ ഒരു ഹദീസിൽ ഇങ്ങിനെയുണ്ടു്. "ഒരിക്കൽ നബി (സ. അ) തന്റെ ഒരു മുറിയിൽനിന്നു് സുഹ്ർ നമസ്ക്കാരത്തിന്നായി വുസു ചെയ്തു. പിന്നെ ബിലാൽ (റ. അ) വന്നു് തിരുമേനിയെ നമസ്ക്കാരത്തിന്നു് വിളിച്ചു. തിരുമേനി പോകുവാനായി എഴുന്നേററു് മുറിയുടെ വാതില്ക്കലെത്തിയപ്പോൾ സഹാബികളിലൊരാൾ കൊടുത്തയച്ച റൊട്ടിയും, മാംസവും അവിടെ കൊണ്ടുവരുന്നതു് കണ്ടു. തിരുമേനി ഉടനെ തന്റെ കൂടെയുള്ളവരുമൊന്നിച്ചു മുറിയിലേക്കുതന്നെ മടങ്ങി. എല്ലാവരുംകൂടി അതു് തിന്നുകയും പിന്നെ എല്ലാവരുംകൂടി നമസ്ക്കാരത്തിന്നായി എഴുന്നേററുപോകുകയും ചെയ്തു. തിരുമേനിയും അവരിൽനിന്നാരും വെള്ളം തൊടുകയുണ്ടായില്ല. (വുസു ചെയ്തില്ല) ഇതു് തന്റെ കണ്ണുകൊണ്ടു് കണ്ടതായിട്ടാണു് ഇബ്നു അബ്ബാസ് പറഞ്ഞതു്. വുസു ചെയ്യാതിരിക്കൽ തിരുമേനിക്കു് പ്രത്യേകമുള്ളതാണെങ്കിൽ തിരുമേനി അവരോടു് വുസുചെയ്യുവാൻ കല്പിക്കുമായിരുന്നല്ലോ.

---

## ലേഖകന്മാരോട്.

ലേഖനങ്ങൾ കടലാസിന്റെ ഒരു വശത്തേ എഴുതാവൂ. ആയത്തുകളും ഹദീസുകളും ഉദ്ധരിക്കുമ്പോൾ അവ എവിടെ നിന്നെന്നുകാണിച്ചിരിക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെന്നു് ആവശ്യമുള്ളവർ വേണ്ടത്ര സ്റ്റാമ്പൊട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണു്.

— എഡിററർ.



# ഖുർആനും ഹദീസും തമ്മിലുള്ള വ്യത്യാസം

എം. ശൈഖ്മുഹമ്മദ്മൗലവി

ഹദീസ് നബി(സ) കല്പിച്ചതോ, വിരോധിച്ചതോ ആണെന്നു തെളിഞ്ഞുകഴിഞ്ഞാൽ ഖുർആനിലെ കല്പനകളും, വിലക്കുകളുംപോലെത്തന്നെ സ്വീകരിക്കുകയും, ഉപേക്ഷിക്കുകയും ചെയ്യേണമെന്നു് മുൻലക്കത്തിൽനിന്നു് തെളിഞ്ഞുവല്ലോ. ഇനി ഖുർആനും ഹദീസും തമ്മിലുള്ള വ്യത്യാസമെന്താണെന്നു് ചിന്തിക്കാം. നിഷ്പക്ഷമായി വിലയിരുത്തുന്നപക്ഷം താഴെ കാണുന്ന വ്യത്യാസങ്ങൾ വ്യക്തമായി മനസ്സിലാക്കാം.

1) ഖുർആൻ അതിന്റെ ആശയങ്ങളെന്നപോലെത്തന്നെ വാചകങ്ങളും അല്ലാഹുവിന്റേതുതന്നെയാകുന്നു. എന്നാൽ ഹദീസിലെ ആശയങ്ങൾ പ്രത്യേകം വഹ്‌യ് മുഖേന ലഭിച്ചതോ, ഖുർആനിൽനിന്നു് നബി (സ) മനസ്സിലാക്കിയതോ ആയിരിക്കും. വാചകങ്ങൾ നബി (സ)യുടെതായിരിക്കുമെന്നു് മാത്രം. പക്ഷെ, "ഖുദ്സി"യ്യായ ഹദീസുകൾ അങ്ങിനെയല്ല. (അവ താഴെ വിവരിക്കുന്നുണ്ട്.)

2) ഖുർആൻ 'മുതവാതിറാ'യി ആദ്യന്തം റിപ്പോർട്ടു ചെയ്യപ്പെട്ടതാണു്. ഖുർആനിലെ വാക്കുകളും ആയത്തുകളും, സൂറഃകളും എല്ലാം തന്നെ നൂററുക്കണക്കിലും, ആയിരക്കണക്കിലും. ലക്ഷക്കണക്കിലും ആദ്യകാലം മുതൽ ഇന്നേവരെ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഹദീസുകളിൽ മുതവാതിറായി റിപ്പോർട്ടുചെയ്യപ്പെട്ടവയും, അല്ലാത്തവയുമുണ്ട്.

3) ഖുർആൻ അവതരിക്കപ്പെട്ടപ്പോൾ ഹൃദിസ്ഥമാക്കപ്പെട്ടതോടുകൂടെത്തന്നെ യാതൊരു വ്യത്യാസവും വരാതെ പല സ്ഥലങ്ങളിലും, പല ആളുകളുടെ അടുക്കലും എഴുതി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അബൂബക്കർ(റ)വിന്റെ കാലത്തു് "ക്രോഡീകൃത ഖുർആൻ" ഒരു ഗ്രന്ഥത്തിൽ എഴുതി സൂക്ഷിക്കപ്പെടുക

യും ചെയ്യു. എന്നാൽ ഹദീസ് എഴുതി സൂക്ഷിക്കപ്പെട്ടവയും, ഹൃദിസ്ഥമാക്കപ്പെട്ടവയുമുണ്ട്.

4) ഖുർആന്റെ ആശയങ്ങൾ പോലെത്തന്നെ, വാചകങ്ങളും معجز ആണ്. മനുഷ്യർക്കോ, ജിന്നുകൾക്കോ അതുപോലെയുള്ളത് കൊണ്ടുവരുവാൻ കഴിയാതിരിക്കത്തക്കവണ്ണം അമാനുഷിക കഴിവുള്ളതാണ്. ഹദീസുകൾ അപ്രകാരം معجز അല്ല.

5) ഖുർആൻ متعبّد بالتّلاوة (ഓതുവാൻ കല്പിക്കപ്പെട്ടതും, ഓതൽ ഒരു പ്രത്യേക عبادة ആയി കണക്കാക്കപ്പെടുന്നതും, പ്രതിഫലം നല്കപ്പെടുന്നതും) ആണ്. എന്നാൽ ഹദീസിലെ ദിക്ർറ്, ദുആ മുതലായവക്ക് അല്ലാതെ ഈ പ്രത്യേകസ്ഥാനമില്ല.

6) ഖുർആന്റെ വാചകങ്ങൾക്കോ, പദങ്ങൾക്കോ, യാതൊരു വ്യത്യാസവും വരാതെ അല്ലാഹു സംരക്ഷിക്കുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. وانّا له لحافظون "നിസ്സംശയം നാം അതിനെ (ഖുർആനെ) സംരക്ഷിക്കുകതന്നെചെയ്യും." എന്നാൽ ഹദീസ് വാചകങ്ങളോ, പദങ്ങളോ രൂപഭേദം സംഭവിക്കാതെ സൂക്ഷിക്കപ്പെടുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടില്ല.

**"ഹദീസ്-ഖുർആന്റെ വിശദീകരണവും വ്യാഖ്യാനവും."**

പരിശുദ്ധ ഖുർആന്റെ ആധികാരികമായ വിശദീകരണവും; വ്യാഖ്യാനവുമത്രെ ഹദീസ്: അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നത് നോക്കുക: وأنزلنا اليك الذّكر لتبيّن للنّاس ما نزّل اليهم "നാം നിനക്ക് ഖുർആൻ ഇറക്കിത്തന്നത്, തങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിനെ, ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുവാൻ വേണ്ടിയത്രെ." നബി(സ) ഖുർആൻ വിവരിക്കുന്നത് സുന്നത്ത്മുഖേനയല്ലാതെ മറ്റൊന്നുമല്ല. അതായത് നബിയുടെ കല്പനകളും, വിലക്കുകളും, ഉപദേശവും, പ്രവൃത്തിയും, മൗനസമ്മതവും ഖുർആന്റെ വിശദീകരണമാകുന്നു. എന്നാൽ മുഫസ്സിറുകളെപ്പോലെ ഖുർആന്റെ പദാനുപദ വ്യാഖ്യാനങ്ങളും, വ്യാകരണ നിയമങ്ങളും നബി (സ) പറഞ്ഞു എന്ന് ഇതിന്ന് അർത്ഥമാക്കരുത്. ഉദാഹരണമായി حافظوا على الصّلوات والصّلاة الوسطى "നമസ്കാരങ്ങളെ, പ്രത്യേകിച്ച് മദ്ധ്യനമസ്കാരത്തെ നിങ്ങൾ സൂക്ഷ്മതയോടുകൂടെ അനുഷ്ഠിക്കുവിൻ". أقيموا الصّلاة "നമസ്കാരത്തെ നിങ്ങൾ നിലനിറുത്തുവിൻ" എന്നിങ്ങിനെ പരിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നു. എന്നാൽ നമസ്കാരത്തിന്റെ ക്രമം. റക്അത്തുകളുടെ എണ്ണം, നമസ്കാരസമയങ്ങൾ, അവയിൽ ചൊല്ലേണ്ട ദിക്റുകൾ, ദുആകൾ, ത



സ്ബീഹുകൾ, സുജൂദ്, റുകൂഅ്, നിൽക്കൽ, ഇരിക്കൽ എന്നിവയുടെ രൂപങ്ങൾ തുടങ്ങിയ വിഷയങ്ങളെസംബന്ധിച്ച് ഖുർആൻ സവിസ്തരമായി പ്രതിപാദിച്ചിട്ടില്ല. നൂറുകണക്കിലുള്ള ഹദീസുകളാണ് അവ വിശദീകരിക്കുന്നത്. അപ്പോൾ നമസ്കാരത്തെസംബന്ധിച്ച് വന്നിട്ടുള്ള സഹീഹായ ഹദീസുകളെല്ലാം—പ്രധാനപ്പെട്ട തക്ബീറത്തുൽ ഇഹ്റാം, ഫാതിഹ, തശഹ്ഹുദ് മുതലായവയെക്കുറിച്ചാവട്ടെ, മറിച്ച് നമസ്കരിക്കുമ്പോൾ കൈ എവിടെവെക്കണം, സുജൂദിൽ മൂക്കെവിടെ വെക്കണം, വിരൽ എപ്പോൾ ചൂണ്ടണം എന്നീ വിഷയകമായിട്ടാവട്ടെ—തദ്വിഷയകമായി മുകളിൽ കൊടുത്ത ആയത്തുകളുടെ വിശദീകരണമാകുന്നു. يا ايّها الّذين آمنوا اذكروا الله ذكرا كثيرا وسبّحوه بكرة واصيلا (الأحزاب) "സത്യവിശ്വാസികളെ! അല്ലാഹുവിനെ നിങ്ങൾ ധാരാളം ഓർക്കുക; രാവിലെയും വൈകുന്നേരവും അവനെ നിങ്ങൾ സങ്കീർത്തനം ചെയ്യുക." പ്രഭാതത്തിലും, പ്രദോഷത്തിലും മറ്റുപല സമയങ്ങളിലും, ദിക്റുകളും, തസ്ബീഹുകളും, ദുആകളും ചൊല്ലുവാൻ പ്രേരിപ്പിക്കുന്ന ഹദീസുകൾ മേലെഴുതിയ ആയത്തിന്റെ വിശദീകരണമാണ്. അപ്രകാരംതന്നെ നോമ്പിനെക്കുറിച്ചുവന്ന ഹദീസുകളെല്ലാം يا ايّها الّذين آمنوا كتب عليكم الصّيام എന്ന ആയത്തിന്റെ തഫ്സീറും. ഹജ്ജ്. സക്കാത്ത് മുതലായ വിഷയങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള ഹദീസുകളെല്ലാം പ്രസ്തുത വിഷയങ്ങളെക്കുറിച്ച് ഖുർആനിൽ വന്നിട്ടുള്ള ആയത്തുകളുടെ വ്യാഖ്യാനവുമാകുന്നു. ആയിശഃ (റ) യോട് നബി (സ) യുടെ സ്വഭാവത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ كان خلقه القرآن (അദ്ദേഹത്തിന്റെ സ്വഭാവംതന്നെ ഖുർആനായിരുന്നു) എന്ന് മറുപടി പറഞ്ഞതായി സഹീഹായ ഹദീസിൽ വന്നിട്ടുണ്ട്. ഇതും, മേല്പറഞ്ഞപോലെതന്നെ നബി (സ) യുടെ നടപടിക്രമങ്ങളും, നിർദ്ദേശോപദേശങ്ങളും ഖുർആന്റെ വിശദീകരണമാണെന്നതിന്ന് തെളിവാണല്ലോ. അപ്പോൾ സഹീഹായ ഹദീസിന്ന് വിരുദ്ധമായ നിലയിൽ ഖുർആന്ന് വ്യാഖ്യാനം കൊടുക്കുന്നതു, വലിയൊരപരാധമാണ്. റമസാന്റെ രാത്രിയിൽ ജിബ്രീൽ നബിയുടെ അടുത്തുവന്ന് ഖുർആൻ ക്ലാസ് നടത്തിയിരുന്നുവെന്നും, നബി (സ) ദിവംഗതനായ കൊല്ലം രണ്ട് പ്രാവശ്യം ഖുർആൻ ആദ്യന്തം ക്ലാസ്നടത്തിയിരുന്നുവെന്നും സഹീഹായ ഹദീസിൽ വന്നതായി കാണാം.

## ഖുദ്സിയ്യായ ഹദീസ്

ഖുദ്സിയ്യായ ഹദീസ് എന്നാൽ അല്ലാഹുവിൽനിന്ന് അല്ലാഹുവിന്റെ ഭാഷയിലായി നബി (സ) റിപ്പോർട്ട്ചെയ്യുന്ന ഹദീസാണ്. എന്നാൽ ഇതിന്ന് ഖുർആ

(ശേഷം 35-ാം പേജിൽ)

# ഇസ്ലാം

## ഒരു ആംഗ്ലേയ ചിന്തകൻെറ ദൃഷ്ടിയിൽ

വിവ: എം. മുഹമ്മദ്, മൂടംബയൽ

യൂറോപ്പിലെ ഒരു സുപ്രസിദ്ധ ചിന്തകനാണ് പ്രൊഫസർ ജോൺ എസ്റ്റോർട്ട്. വിവിധ മതങ്ങളെസംബന്ധിച്ച് നന്നായി പഠിക്കുകയും ചിന്തിക്കുകയും അങ്ങിനെ ഓരോ മതത്തെക്കുറിച്ചും തനിക്കുള്ള അഭിപ്രായം രേഖപ്പെടുത്തിവെക്കുകയും ചെയ്തിട്ടുള്ള മഹാനാണദ്ദേഹം. ഇസ്ലാമതത്തെക്കുറിച്ച് അദ്ദേഹം ഇംഗ്ലീഷിലെഴുതിയ നീണ്ട ഒരുലേഖനത്തിന്റെ ഏതാനുംഭാഗം താഴെചേർക്കുന്നു. ഇതിൽഇസ്ലാമിനെസംബന്ധിച്ച് അദ്ദേഹം പ്രകടിപ്പിക്കുന്ന അഭിപ്രായം ശ്രദ്ധേയമാണ്. വിവ:

ഞാൻ ഇസ്‌ലാമിനെ ഒരു മതമെന്നതിലുപരി ഒരു ജീവൽ പ്രസ്ഥാനമായിട്ടാണ് മനസ്സിലാക്കുന്നത്. ലോകത്ത് ഏററവുമധികം വിപ്ലവം സൃഷ്ടിച്ച പ്രസ്ഥാനം. ഇസ്‌ലാമിൻെറ അരുണോദയ സമയത്ത്, അടിമക്കച്ചവടം സർവ്വസാധാരണമായിരുന്നു എന്ന വസ്തുത ചരിത്രമറിയുന്ന ആരും നിഷേധിക്കുകയില്ല. ഇസ്‌ലാമിന്നുമുമ്പ് എത്രയോ മതങ്ങൾ രംഗപ്രവേശം ചെയ്തിട്ടുണ്ട്. പക്ഷെ, ഒന്നിന്നുംതന്നെ ശപിക്കപ്പെട്ട ഈ അടിമത്ത സമ്പ്രദായം നിർത്തലാക്കാൻ കഴിഞ്ഞിട്ടില്ല. ഇസ്‌ലാമാകട്ടെ രംഗത്തുവന്ന ഉടനെത്തന്നെ ഈ സമ്പ്രദായത്തിൻെറ തായ്‌വേര് മുറിച്ചെറിഞ്ഞുകളഞ്ഞു. ഇന്ന് ലോകത്ത് പൊതുവെ പ്രകീർത്തിക്കപ്പെടുന്ന ജനാധിപത്യത്തിന്ന് അടിത്തറയിട്ടതും ഇസ്ലാമാണ്. മാനവതക്ക് ചെയ്ത ഈ ഉപകാരം ലോകാവസാനം വരെ സ്മരിക്കപ്പെടും.

പതിനാല് നൂററാണ്ടുകൾക്കുമുമ്പ് ഇസ്ലാമിൻെറ ഉദയകാലത്ത് ലോകത്തെല്ലായിടത്തും അജ്ഞതാന്ധകാരം കട്ടപിടിച്ചുകിടക്കുകയായിരുന്നുവെന്ന സംഗതി സുവിദിതമാണല്ലോ. അന്ന് മനുഷ്യൻ നാഗരീഗമായും സാംസ്കാരികമായും വളരെ പിന്നിലായിരുന്നു. സാമൂഹ്യമായും അവൻ ഏറ്റവും അധഃസ്ഥിതനായിരുന്നു. എത്രത്തോളമെന്നുവെച്ചാൽ വലിയൊരു ശതമാനം ആളുകൾക്ക് ജന്മാവകാശങ്ങൾപോലും നിഷേധിക്കപ്പെട്ടിരുന്നു. അന്നത്തെ സ്ത്രീസമൂഹത്തിൻെറ ശോച്യാവസ്ഥ പറയാതിരിക്കലാവും ഭേദം. കയ്യൂക്കുള്ളവൻ കാര്യക്കാരൻ — സമൂഹ ജീവിതത്തിൽ പ്രയോഗവദ്കരിക്കപ്പെട്ട ഒരു തത്വമായിരുന്നു അത്. ചുരുക്കത്തിൽ അവരെപ്പററി ബുദ്ധിദുരുപയോഗപ്പെടുത്തിയ ഇരുകാലിമൃഗങ്ങൾ' എന്ന് പറഞ്ഞാൽ കഴിഞ്ഞു.

അശ്രദ്ധയുടെ ലോകത്തിൽ കുംഭകർണ്ണനായി കിടന്നുറങ്ങിയിരുന്ന മനുഷ്യനെ തട്ടിയുണർത്തുകയും അവന്ന് അവൻെറ ഉന്നതമായസ്ഥാനം മനസ്സിലാക്കി കൊടുക്കുകയും ചെയ്ത ആദ്യത്തെ മതമാണ് ഇസ്‌ലാം. ഒരുവശത്ത് മനുഷ്യനെ ആത്മീയമായി ഉയർത്തുമ്പോൾ മറുവശത്ത് അവന്ന് സാമൂഹ്യമായി പുരോഗമിക്കാനുള്ള മാർഗ്ഗം വെട്ടിത്തെളിച്ചുകൊടുക്കുന്നു. എന്നുമാത്രമല്ല. ഇസ്‌ലാമിന്റെ സങ്കല്പത്തിലുള്ള സാമൂഹ്യവിപ്ലവം അന്യാദൃശവും അലോകസാധാരണവുമാണ്.

ഇസ്‌ലാമിന്നുമുമ്പ് ദീനും ദുനിയാവും രണ്ടായിരുന്നു. ഇസ്‌ലാമേതര മതങ്ങളെല്ലാം ദീനിനെ ദുനിയാവിൽനിന്നും ദുനിയാവിനെ ദീനിൽനിന്നും അകററി നിർത്തുന്നു. ഇസ്‌ലാമിലാകട്ടെ ദീനും ദുനിയാവും ആത്മീയലോകവും ഭൗതികലോകവും പരസ്പരം കോർത്തിണക്കപ്പെട്ടപോലെ ഒന്നു മറ്റൊന്നോടു ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഈ രണ്ടുംകൂടിയ അടിത്തറയിന്മേലാണ് ഇസ്‌ലാമിക മായ ഏതൊരു വിപ്ലവത്തിൻെറയും നില്പ്. ദീനും ദുനിയാവും ഒന്നാണെന്ന സിദ്ധാന്തത്തെ മുൻനിർത്തിയാണ് ഇസ്‌ലാം മനുഷ്യന്നു മാനസികവും ശാരീരികവുമായ രണ്ടുവിധ അടിമത്തത്തിൽനിന്നും മോചനം നൽകാൻ പര്യാപ്തമായ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ലോകചരിത്രത്തിൽ ഇതിന്ന് മറെറാരു ഉദാഹരണം കാണിക്കാൻ പ്രയാസമാണ്.

സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിൽ ജീവിക്കുന്നതുകൊണ്ട് നമുക്ക് അടിമത്ത ജീവിതത്തിൻെറ അനാശാസ്യതയെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. സമസൃഷ്ടികളായ മനുഷ്യരെ ആടുമാടുകളെപ്പോലെ വീക്ഷിക്കുക—ഇതുനമ്മെ സംബന്ധിച്ചേടത്തോളം ഊഹാതീതമാണ്. പക്ഷെ, സ്വതന്ത്രരായ നാം ആടുമാടുകളോടും കന്നുകാലികളോടും എങ്ങിനെ പെരുമാറുന്നുവോ അപ്രകാരംതന്നെയായിരുന്നു ആ കിരാതർ അടിമകളോട് പെരുമാറിയിരുന്നത്. ഈ മൃഗങ്ങളെ നമുക്കിഷ്ടമുള്ളപ്പോൾ അറുക്കാൻ കഴിയുന്നതുപോലെ അവക്ക് അടിമകളെ തോന്നുമ്പോലെ ധ്വംസിക്കാൻ സാധിച്ചിരുന്നു. അതിനെ ചോദ്യംചെയ്യാൻ ആളുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, കൂടുതൽ അടിമകളെ ഉടമയിൽ വെക്കുന്നവക്കാണ് സമൂഹത്തിൽ ഉന്നതസ്ഥാനം നൽകപ്പെട്ടിരുന്നത്. ഈ ദുഷിച്ച സമ്പ്രദായം എടുത്തുകളയുന്നതിൽ ഇസ്‌ലാമൊഴി

ച്ചുള്ള മതങ്ങൾ വഹിച്ച പങ്ക് തുലോം ഹ്രസ്വമാണ്.

രണ്ടാമതായി ഇസ്‌ലാം ലോകത്തിന്നു ചെയ്ത പ്രസ്താവ്യമായ സംഭാവന സമത്വാശയമാണ്. ഇസ്ലാമിന്നുമുമ്പ് മനുഷ്യർ വലുത്, ചെറുത് എന്നിപ്രകാരമുള്ള വിവേചനത്തിൽ കഴിഞ്ഞു കൂടുകയായിരുന്നു. നിറം, വർഗ്ഗം പോലെയുള്ള കൃത്രിമ വിഭജനങ്ങൾ കാരണമായി അവർ പരസ്പരം ഭിന്നിച്ചിരുന്നു. ഇസ്‌ലാമിന്റെ ബാലചന്ദ്രൻ പൊൻപ്രഭ വീശിത്തുടങ്ങിയതോടെ ഇത്തരം ശിഥിലീകരണാശയങ്ങൾ അസ്തമാനപ്രായമായി. വലുത്, ചെറുത് എന്ന ചിന്താഗതി അപ്രത്യക്ഷമായി. വർണ്ണപരവും വർഗ്ഗീയവുമായ പരിഗണനകൾ കുഴിച്ചുമൂടപ്പെട്ടു. സൽകർമ്മങ്ങൾ ചെയ്യുന്നവനായി—അവന്ന് മാത്രമായി—സമുദായത്തിൽ ശ്രേഷ്ഠത.

ഇസ്ലാമിന്റെ ഈ ഉന്നതാശയം—സമത്വാശയം— ഗ്രന്ഥങ്ങളിൽ മാത്രം പരിമിതമല്ല. അതിനെ പ്രവർത്തനത്തിലേക്കു വിവർത്തനം ചെയ്ത ഉദാഹരണങ്ങൾ ചരിത്രത്തിൽ എമ്പാടുമുണ്ട്. മുസ്‌ലിംകളുടെ ചരിത്രം മുഴുവൻ സമത്വത്തിന്റെ തങ്കലിപികളിൽ എഴുതപ്പെട്ടതാണ്. ഇസ്ലാമിന്റെ നല്ലകാലത്ത് മുസ്ലിംകൾ വിവിധ നാടുകൾ ജയിച്ചടക്കിയപ്പോൾ അവരാ നാട്ടുകാരോട് മാതൃകാപരമായി പെരുമാറിയതും തങ്ങൾക്കുള്ളതുപോലെയുള്ള അവകാശങ്ങൾ അവർക്ക് വകവെച്ചുകൊടുത്തതും ഇസ്ലാമിന്റെ സമത്വഭാവനക്ക് മകുടോദാഹരണമാണ്.

ഇസ്ലാം അവതരിപ്പിച്ച ഈ സുന്ദരാശയം ലോകത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തി എന്നല്ലേ! ക്രൈസ്തവ ഭരണകൂടങ്ങളും ലോകത്തിലെ ഇതര ഗവർമ്മെണ്ടുകളും അനുദിനമെന്നോണം ഈ ആശയത്തിൽ ആകൃഷ്ടമായിക്കൊണ്ടിരിക്കയാണ്. സമുദായത്തിൽ അങ്ങേയററം അവഗണിക്കപ്പെട്ടിരുന്ന സ്ത്രീവർഗ്ഗത്തിന്ന് ഉന്നതവും അവർക്കനുയോജ്യവുമായ സ്ഥാനമുണ്ടാക്കിക്കൊടുത്തതും ഇസ്ലാമിന്റെ ഈ ആശയംമൂലമാണ്. ഇതുകൊണ്ടുണ്ടായ മറെറാരു നേട്ടം വിവിധ ജനതകളും വിഭിന്ന മതങ്ങളും തമ്മിൽ സ്നേഹവും സൗഹാർദ്ദവും സ്ഥാപിച്ചു എന്നതാണ്.

ഇസ്ലാമിന്റെ പ്രധാനമായ മറെറാരു സവിശേഷത ആ മതം എല്ലാവിധ നന്മകളേയും ഇഷ്ടപ്പെടുകയും സർവ്വവിധ തിന്മകളേയും വെറുക്കുകയും ചെയ്യുന്നു എന്നതാണ്. സൽകൃത്യങ്ങൾ ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകമൂലം ഇസ്‌ലാം ലോകത്തിന്നു ഉണ്ടാക്കിത്തീർത്ത നേട്ടങ്ങൾ അനല്പമാണ്. ദുഷ്കൃത്യം തടയുന്നതിന് പ്രായോഗികവും മനുഷ്യസാദ്ധ്യവുമായ എല്ലാ മാർഗ്ഗങ്ങളും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. ഈ നിലക്കു നോക്കുകയാണെങ്കിലും ഇസ്ലാം അന്യാദൃശമായ സേവനമാണ് ലോകത്തിന്ന് ചെയ്തിട്ടുള്ളതെന്ന് കാണാം.



ഇനിയൊരു പ്രത്യേകതയുണ്ട്, സ്മര്യമതത്തിന്. ഇസ്ലാം ആരാധനാകാര്യങ്ങൾ (ഇബാദത്ത്)ക്കെന്നപോലെ വ്യവഹാരകാര്യങ്ങൾക്കും (മുആമലാത്ത്) പ്രാധാന്യം നല്കിയിരിക്കുന്നു എന്നതാണ് അത്. ഈ രണ്ടു രംഗങ്ങളിലും മനുഷ്യകുലത്തിന് സർവ്വനിലക്കും ഉപകാരപ്രദമായ ഒരുത്തമ സമൂഹത്തെ വാർത്തെടുക്കാനാണ് ഇസ്ലാം ഉദ്ദേശിക്കുന്നത്.

ചുരുക്കത്തിൽ മനുഷ്യ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം, സമത്വം, സൽപ്പെരുമാററം ഇവയുടെ സന്ദേശവാഹകരാണ് മുസ്ലിംകൾ. ഈ മാനുഷികഗുണങ്ങളിൽ ഇസ്‌ലാം കാണിക്കുന്നത്ര യുക്തിദീക്ഷ ഇതര മതങ്ങളൊന്നും കാണിക്കുന്നില്ലെന്ന് തീർത്തുപറയാൻ കഴിയും.

---

## ഖുർആനും ഹദീസും തമ്മിലുള്ള വ്യത്യാസം

( 31-ാം പേജിൽനിന്ന് തുടർച്ച )

നെപ്പോലെ اعجاز (അമാനുഷികത)യോ, ഓതുവാൻ കല്പിക്കപ്പെട്ടത് എന്ന സ്ഥാനമോ ഇല്ല. ഉദാഹരണമായി ഒരു ഹദീസ് താഴെ ഉദ്ധരിക്കുന്നു.

عن ابى هريرة قال قال رسول الله
صلعم كل عمل ابن آدم يضاعف
الحسنة بعشر امثالها الى سبع مائة
ضعف قال الله تعالى الا الصوم فانه لى
وانا أجزى به يدع شهوتة وطعامه
من اجلى (متفق عليه)

(മനുഷ്യന്റെ ഏത് സൽകർമ്മങ്ങൾക്കും 10 മുതൽ 700 വരെ ഇരട്ടി പ്രതിഫലം നല്കപ്പെടുന്നതാണെന്നും, "നോമ്പൊഴികെ; അതു എനിക്കുമാത്രം ചെയ്യപ്പെടുന്ന കർമ്മമാണ്: അതിന് (700ലധികവും) പ്രതിഫലം ഞാൻ നല്കുന്നതാണ്; എന്തുകൊണ്ടെന്നാൽ അവന്റെ ഭക്ഷണവും, വികാരവും എന്റെ തൃപ്തിക്കുവേണ്ടി അവൻ പരിത്യജിക്കുകയാണ് ചെയ്യുന്നത്" എന്ന് അല്ലാഹുതആലാ പറഞ്ഞു എന്നും നബി (സ) പ്രസ്താവിച്ചു.)

— തുടരും.

# സ്നേഹവും സമാധാനവുമാണ് നമ്മുടെ ലക്ഷ്യം

## — ഫൈസൽരാജാവ്

വിവ: **കെ. എം. സൈഫുദ്ദീൻ,** അഫ്സലുൽഉലമാ

[സുഊദി അറേബ്യയിലെ ഫൈസൽരാജാവ് ഈയിടെ സുഡാൻ സന്ദർശിക്കുകയുണ്ടായി. ഇതിനകം അനുമോദനങ്ങളും പ്രതിഷേധങ്ങളുംകൊണ്ട് രാഷ്ട്രാന്തരീയ വേദിയിൽ ഒച്ചപ്പാടുണ്ടാക്കിയ ഇസ്ലാമിക സഖ്യമെന്ന തന്റെ ആശയത്തിന്ന് പിന്തുണ നേടുകയായിരുന്നു ഈ യാത്രയുടെ മുഖ്യോദ്ദേശ്യം. സുഡാൻ നേതാക്കളും ധാരാളം നയതന്ത്ര പ്രതിനിധികളും സംബന്ധിച്ച ഒരു യോഗത്തിൽ അദ്ദേഹം ചെയ്ത ശ്രദ്ധേയമായ പ്രസംഗമാണിത്.]

സഹോദരന്മാരെ!

അല്ലാഹുവിങ്കലേക്കും അവന്റെ കിതാബിലേക്കും വിശുദ്ധ ഇസ്ലാമിലേക്കും ജനങ്ങളെ ക്ഷണിക്കുക എന്നത് മുസ്ലിംകളെന്ന നിലയിൽ നമ്മുടെ പാവനമായ കർത്തവ്യമാണ്. തങ്ങളുടെ ദീനിലും ദുൻയാവിലും നന്മയുള്ള കാര്യത്തിൽ മുസ്ലിം രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കുകയും ഒന്നിച്ചു നിൽക്കുകയും ചെയ്യണമെന്ന നമ്മുടെ ആശയത്തെ ഈയിടെയായി ചില വിദേശരാഷ്ട്രങ്ങൾ ആശങ്കയോടെ വീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. സമുദായത്തിന്റെ ഉന്നമമായ താല്പര്യത്തിന്ന് വിരുദ്ധമായ ഒരു ലക്ഷ്യമോ, സുദൃഢമായ നമ്മുടെ ഈമാനിന്ന് കളങ്കം വരുത്തുന്ന ഒരുദ്ദേശമോ നമുക്കില്ലെന്ന് തീർത്തുപറയാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ. എന്നാൽ നാം നിലകൊള്ളുന്ന ആശയം എത്രതന്നെ നല്ലതായിരുന്നാലും അതിനെ ദുർവ്യാഖ്യാനം ചെയ്യുകയും ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന ചിലരുണ്ടെന്ന വസ്തുത നമുക്കൊട്ടും വിസ്മരിച്ചുകൂടാ. സാമ്രാജ്യവാദികളും ജൂതരും കമ്മ്യൂണിസ്റ്റുകാരും ഈ ഐക്യത്തെ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടുതന്നെ അവരെപ്പറ്റി തികച്ചും നാം ബോധവാന്മാരാണ്. സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സമത്വത്തിന്റെയും മതമാണ് ഇസ്ലാമെന്ന് സാമ്രാജ്യവാദികൾക്കറിയാം. തന്നിമിത്തം ഇസ്ലാമികൈക്യത്തെ അവരെതിർക്കുന്നു. കാരണം മുസ്ലിം രാഷ്ട്രങ്ങളുടെ ഐക്യം അവിടങ്ങളിലെ സാമ്രാജ്യ താൽപര്യങ്ങൾക്ക് കനത്ത ഭീഷണിയത്രെ. സിയോണിസ്റ്റുകളും മുസ്ലിം ഐക്യത്തെ അനുകൂലിക്കുന്നില്ല. മുസ്ലിംകളൊന്നിച്ചാൽ ജൂതരാഷ്ട്രം തകർന്നുതന്നെ എന്നവർ മനസ്സിലാക്കുന്നു.

സ്നേഹിതന്മാരെ!

ഇസ്ലാമികൈക്യത്തിലുള്ള ജൂതരുടെ ആശങ്കയിൽ നമുക്കാശ്ചര്യമില്ല. കാരണം മുസ്ലിംകളുടെ അനൈക്യത്തിലാണ് അവരുടെ നിലനിൽപ്പുതന്നെ. അനൈക്യത്തിന്ന് സമുദായം കൊടുത്ത ഏറ്റവും വലിയ വിലയാണ് ഫലസ്തീൻ. ലക്ഷക്കണക്കിലുള്ള നമ്മുടെ സഹോദരന്മാരെ കുടിയിറക്കിയാണ് അറബികളുടെ ഹൃദയത്തിൽ ജൂതരാഷ്ട്രമാകുന്ന കഠാരി കുത്തിയിറക്കിയത്. ജന്മഗേഹത്തിൽനിന്ന് ബഹിഷ്കൃതരായ അവരിന്ന് ഇതര അറബ് രാഷ്ട്രങ്ങളിൽ നിരാലംബരായി കഴിഞ്ഞുകൂടുകയാണ്.

കമ്മ്യൂണിസ്റ്റ് ബ്ലോക്കും ഇസ്ലാമിക സഖ്യത്തെ എതിർക്കുന്നുണ്ട്. കാരണം ഈ സഖ്യം നിരീശ്വരത്വത്തെ എതിർക്കുന്നു. നിരീശ്വരത്വമാണല്ലോ മാർക്സിസത്തിന്റെ താത്വികമായ അടിത്തറ. തന്ത്രപ്രാധാന്യമുള്ള ചില മുസ്ലിം രാഷ്ട്രങ്ങളിൽ കമ്മ്യൂണിസ്റ്റുകൾ കണ്ണുവെച്ചിരിക്കുന്നു. മുസ്ലിം ഐക്യം സ്വാഭാവികമായും ഇതിന്നെതിരായിരിക്കും. ആകയാൽ ഈ മൂന്ന് പ്രബലശക്തികളേയും കടുത്ത എതിരാളികളെന്ന നിലയിൽ, മുന്നിൽ കണ്ടുകൊണ്ടാണ് ഇസ്ലാമിക സഖ്യമെന്ന ഈ ആശയവുമായി നാം മുന്നോട്ടുവന്നിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് പുരോഗതിതന്നെയാണ്. സമുദായം ഒന്നടങ്കം നമ്മുടെ പിന്നിലുണ്ടെങ്കിൽ വിജയം സുനിശ്ചിതമത്രെ.

സെൻറോ, സീറ്റോ എന്നിവ പോലുള്ള സൈനിക സഖ്യമല്ല ഇസ്ലാമിക ഉടമ്പടികൊണ്ടുള്ള വിവക്ഷ. അന്യായമായ ആക്രമണത്തിന്ന് നാം തയ്യാറില്ല. ഇതര മതങ്ങൾക്കെതിരിൽ ഒന്നിക്കാൻ മുസ്ലിംകളെ നാം ആഹ്വാനം ചെയ്യുന്നുമില്ല. മുസ്ലിം രാഷ്ട്രങ്ങൾ ഒന്നിച്ചുനിൽക്കുക, അവ തമ്മിലുള്ള ചില്ലറ അസ്വാരസ്യങ്ങൾ പറഞ്ഞുതീർത്ത് ജനങ്ങളുടെ ജീവിതനിലവാരമുയർത്താൻ കൂട്ടായി പരിശ്രമിക്കുക—ഇതാണ് ഇസ്ലാമിക ഉടമ്പടികൊണ്ടുള്ള നമ്മുടെ ഉദ്ദേശ്യം.

ഈ അവസരത്തിൽ ഒരുകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഇസ്ലാമികൈക്യത്തിന്നുള്ള ആദ്യത്തെ പരിശ്രമമല്ല നമ്മുടേത്. ഇതിന്നുമുമ്പും

# ടിറോറോ — ഇസ്ലാമിന്റെ ശത്രു

— റഫീഖ്

കമ്യൂണിസ്റ്റ് ആചാര്യനും ജമാൽ അബ്ദുന്നാസിറിന്റെ രാഷ്ട്രീയ ഗുരുവുമായ യുഗോസ്ലാവ്യ് പ്രസിഡണ്ട് മാഷൽ ടിറ്റോ ഈ മാസം ഇന്ത്യ സന്ദർശിക്കുകയാണ്. മുസ്ലിം ലോകത്തിന്ന് സുപരിചിതനാണ് അദ്ദേഹം. എങ്ങനെയെന്നോ?

ടിറോറോ അധികാരം കയ്യേല്ക്കുന്നതിന്നുമുമ്പ് യുഗോസ്ലോവിയയിൽ അഞ്ചുലക്ഷത്തിൽപരം മുസ്ലിംകളുണ്ടായിരുന്നു. അസംഖ്യം പള്ളികൾ; തൊള്ളായിരത്തോളം മദ്രസകൾ; ഒരു ഗേൾസ്സ്കൂളടക്കം 14 സെക്കണ്ടറി വിദ്യാലയങ്ങൾ; ധാരാളം വഖഫ് സ്വത്തുക്കൾ; പണ്ഡിത സഭകളും മതസംഘടനകളും. ബൽഗ്രേഡ്, ബോസ്ന; ഹർസക്ക് തുടങ്ങിയ നഗരങ്ങൾ ഇസ്ലാമിന്റെ കേന്ദ്രങ്ങളായി വിലസുകയായിരുന്നു. യുഗോസ്ലോവിയയുടെ ഭരണം ടിറോറോവിന്റെ കയ്യിൽ അമർന്നതോടെ ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ദുർദ്ദശ ആരംഭിച്ചു. ഇസ്ലാമിക സംസ്

---

ചില സംരംഭങ്ങൾ നടന്നിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് മൂന്ന് പ്രബല മുസ്ലിം രാഷ്ട്രങ്ങളുടെ നേതാക്കൾ ഹജ്ജ്‌വേളയിൽ വിശുദ്ധ മക്കയിലൊരുമിച്ചുകൂടുകയുണ്ടായി. യു. എ. ആർ. പ്രസിഡണ്ട് ജമാൽ അബ്ദുന്നാസിറും, സഊദി അറേബ്യയിലെ ഫൈസൽ രാജാവും, പാക്കിസ്ഥാനിലെ ഗുലാം മുഹമ്മദും. മക്കയിൽവെച്ച് അന്നവർ ഒരു ഇസ്ലാമിക ഉച്ചകോടി സ്ഥാപിക്കുകയുണ്ടായി. തങ്ങളുടെ ദീനിനെ മുറുകെപ്പിടിക്കാൻ മുസ്ലിംകളെ ഉൽബോധിപ്പിക്കുക, ഭൗതികകാര്യങ്ങളിൽ പരസ്പരം സഹായിക്കുക ഇതായിരുന്നു ഈ ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം. ദൗർഭാഗ്യവശാൽ ഗുലാം മുഹമ്മദിന്റെ മരണശേഷം അതിന്റെ പ്രവർത്തനമില്ലാതായി.

സുഡാൻ ജനത എക്കാലത്തും സഊദി അറേബ്യയുടെ സുഹൃത്തായിരുന്നു. കാരണം നമ്മുടെ ഭാഷയും മതവും ഒന്നാണ്. രക്തബന്ധവും സാഹോദര്യവും ഈ ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ആകയാൽ സമാധാനവും സൗഹാർദ്ദവുമാണ് നമ്മുടെ ലക്ഷ്യമെന്നു് എന്റെ ഈ നാട്ടിലെ സഹോദരന്മാരെ മനസ്സിലാക്കാൻ ഞാനാഗ്രഹിക്കുന്നു. തിന്മയും ശത്രുതയും നമ്മുടെ ഉദ്ദേശത്തിൽ പെട്ടതല്ല.

—:—



ക്കാരത്തിന്റെ വിധ്വംസകനായിട്ടാണ് അദ്ദേഹം രംഗത്ത് വന്നതുതന്നെ. ബോസ്നയിലെയും ഹർസാക്കിലെയും ബൽഗ്രാഡിലെയും മുസ്ലിംകളെ ടിറോറോ ഗവൺമെണ്ട് കൂട്ടക്കൊല ചെയ്തു. പണ്ഡിതന്മാരെയും നേതാക്കന്മാരെയും നിസ്സാര കുററങ്ങൾ ചുമത്തി കൽത്തുറുങ്കിലടച്ചു. പള്ളികളും വിദ്യാലയങ്ങളും പൂട്ടി സീൽവെച്ചു. മതസംഘടനകളെ നിരോധിച്ചു. മുസ്ലിംകളുടെ കേസുകൾക്ക് മതവിധിയനുസരിച്ച് തീർപ്പുകല്പിക്കുകയെന്ന സമ്പ്രദായം നിർത്തലാക്കി. പിന്നീട് പള്ളികളും മദ്രസകളും അധീനപ്പെടുത്തി. അവ ഗുദാമുകളും കാഴ്ചബംഗ്ലാവുകളുമായി ഉപയോഗിച്ചുവരുന്നു. സ്ഥാപനംവക സ്വത്തുക്കളും പിടിച്ചെടുത്തു. 1493 കെട്ടിടങ്ങളും 520 കോടി മില്യൻ യുഗോസ്ലോവിയൻ ദ്രുപക്കുള്ള ഭൂസ്വത്തുക്കളും ഇങ്ങനെ പിടിച്ചടക്കുകയുണ്ടായെന്ന് ഹർസാക്ക് മുസ്ലിം സംഘടന 15-12-1960ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ പറയുന്നു.

ടിറോറോവിന്റെ കിരാതമർദ്ദനം പല മുസ്ലിംരാജ്യങ്ങളുടെയും രൂക്ഷമായ ആക്ഷേപത്തിന്ന് വിഷയമായി. യുഗോസ്ലോവിയയിലെ നരകയാതനയനുഭവിക്കുന്ന മുസ്ലിംകളെ സഹായിക്കാനും ചില രാഷ്ട്രങ്ങൾ മുമ്പോട്ടുവന്നു. പ്രശ്നത്തിൽ ഇടപെട്ട് മുസ്ലിം മർദ്ദനമവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1944-ൽ ഈജിപ്ഷ്യൻ ഗവൺമെണ്ട് അമേരിക്ക, ബ്രിട്ടൻ, റഷ്യ എന്നി രാഷ്ട്രങ്ങൾക്കു ഒരു ഔദ്യോഗികക്കുറിപ്പ് അയച്ചു. യുഗോസ്ലോവ് ഗവൺമെണ്ടിന്ന് മറ്റൊരു പ്രതിഷേധക്കുറിപ്പും. അവശതയനുഭവിക്കുന്ന മുസ്ലിംകൾക്ക് അടിയന്തിര സഹായമായി ഇരുപതിനായിരം പവൻ ഈജിപ്ത് സംഭാവന നൽകുകയുമുണ്ടായി. ഇത്രയും സംഖ്യ ഈജിപ്ഷ്യൻ റെഡ്ക്രോസ് സംഘടനയുംസായുധസേനയുംചേർന്ന് അയച്ചുകൊടുക്കുകയുംചെയ്തു.

പക്ഷെ മുസ്ലിം വിരോധം ടിറ്റോ അവസാനിപ്പിച്ചില്ല. നശീകരണ നടപടികൾ ഊർജ്ജിതമാക്കുകയേ ചെയ്തുള്ളു. മുസ്ലിംകൾക്ക് നിൽക്കക്കള്ളിയില്ലാതായി. ഇസ്ലാമിനെയും തങ്ങളെയും യുഗോസ്ലോവിയയിൽനിന്ന് തുടച്ചുനീക്കാൻതന്നെയാണ് ഗവൺമെണ്ടിന്റെ പ്ലാൻ. ഇതിന്നെതിരിൽ ഫലപ്രദമായ വല്ല നടപടിയും സ്വീകരിച്ചേ പററൂ. നേതാക്കന്മാരും പൗരപ്രധാനികളും സമ്മേളിച്ച് എന്തുവേണമെന്ന് ആലോചിച്ചു. മർദ്ദനത്തിന്റെ കരളലിയിക്കുന്ന കഥ മുസ്ലിം രാഷ്ട്രങ്ങൾക്ക് വിവരിച്ചുകൊടുക്കാൻ ഒരു ദൗത്യസംഘം പര്യടനം നടത്തണമെന്നായിരുന്നു അവരുടെ തീരുമാനം.

പക്ഷേ ടിറോറോ ഇത് മണത്തറിഞ്ഞു. മുസ്ലിം നേതാക്കന്മാരുടെ മേൽ ഗൂഢാലോചനക്കുററം ചുമത്തി കോടതിമുമ്പാകെ ഹാജരാക്കുകയാണ് അദ്ദേഹം ഉടനെ ചെയ്തത്. പലരെയും കോടതി തൂക്കിക്കൊന്നു. ശേഷിച്ചവക്ക് ജീവപര്യന്തം കഠിനതടവും. ഇവരുടെയൊക്കെ സ്വത്തുക്കൾ ഗവൺമെണ്ട്

(ശേഷം കവർ 2-ാം പേജിൽ)

# അഭിവാദ്യം!

— തൃക്കളയൂരൻ

അടങ്ങു മമാത്മാവേ, നിയതിയലംഘ്യമാ-
ണടങ്ങുമൽചിത്തമേ, യെന്തിനീ വെപ്രാളങ്ങൾ!
പുത്തനല്ല, യീലോകത്തീദ്ദശപരമ്പര-
യെത്രയോ കഴിഞ്ഞുപോ, യെനിയുമാവർത്തിക്കും!

അടങ്ങു മമാത്മാവേ, നിയതിയലംഘ്യമാ-
ണടങ്ങുമൽചിത്തമേ, യെന്തിനീ വെപ്രാളങ്ങൾ!

യേശുവു, മിബ്രാഹീമും, മൂസയും, മുഹമ്മദും
ലേശമല്ലിവർ സംഖ്യ മർദ്ദിതരഖിലരും
സത്യകാഹളം ലോകത്താരൊക്കെ മുഴക്കിലും
അത്യന്ത ദുരന്തങ്ങൾ വലയം ചെയ്യും നൂനം

അടങ്ങു മമാത്മാവേ, നിയതിയലംഘ്യമാ-
ണടങ്ങുമൽചിത്തമേ, യെന്തിനീ വെപ്രാളങ്ങൾ!

പണ്ഡിതപ്രവരന്മാ, രെത്രപേരാത്മാഹുതി
കണ്ടിതമെന്യെ യപ്പിച്ചേകപാതയാണിസ്ലാം
ദൈവമാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരിക്കില്ലാ;
കൈവരുമവർക്കാത്മ നിർവൃതി നിരങ്കുശം!

അടങ്ങു മമാത്മാവേ, നിയതിയലംഘ്യമാ-
ണടങ്ങുമൽചിത്തമേ, യെന്തിനീ വെപ്രാളങ്ങൾ!

ദൂരെദൂരെ യാ നീല നദിതൻ തടാകത്തിൽ
ധാരധാരയായ് രക്തം പ്രവഹിച്ചഹന്നിശം
പണ്ഡിത പ്രബോധകൻ, സാഹിത്യ സമുൽകൃഷ്ടൻ,
ഗ്രന്ഥസാഗരം തീർത്ത സംസ്കൃത മഹാശയൻ
ക്രൂശിക്കപ്പെട്ടാലെന്തേ? രക്തസാക്ഷിയായ് 'നാളെ'
ഈശ്വര സവിധത്തിലാദരം ലഭിച്ചീടും

അടങ്ങു മമാത്മാവേ, നിയതിയലംഘ്യമാ-
ണടങ്ങുമൽചിത്തമേ, യെന്തിനീ വെപ്രാളങ്ങൾ!
പിടക്കുന്നുമൽ പ്രാണൻ, തുടിക്കുന്നുണ്ടെൻ കരൾ
അടങ്ങു മമാത്മാവേ, 'ഖുത്ബി'ന്നഭിവാദ്യം!

---

## ചീനയിലെ ശുദ്ധീകരണം

(4-ാം പേജിൽനിന്ന് തുടർച്ച)

ങ്ങളും അടിമത്തവുമാണ് ചൈനീസ് മുസ്‌ലിംകൾ അനുഭവിച്ചുവരുന്നത്. മതപരമായ ബാദ്ധ്യതകൾ നിറവേററാൻപോലും അവിടെ സ്വാതന്ത്ര്യമില്ല. അറുപത് ശതമാനം ആത്മീയ നേതാക്കളും കൊല്ലപ്പെടുകയോ കൽത്തുറുങ്കിലടക്കപ്പെടുകയോ ചെയ്തു. വിപ്ലവത്തിന്നെതിരിൽ പ്രവർത്തിച്ചുവെന്നാണ് ഇവരുടെ പേരിൽ ചുമത്തിയ കുറ്റം. മതവിദ്യാലയങ്ങൾ ഗവൺമെണ്ട് അടച്ചുപൂട്ടുകയുണ്ടായി. ഏതാനും കൊല്ലം കഴിഞ്ഞു് പള്ളികൾക്കും ഈ ദുരവസ്ഥ നേരിട്ടു. ചിലത് ഉല്ലാസകേന്ദ്രങ്ങളും പാർട്ടി ഓഫീസുകളുമായി ഉപയോഗിച്ചുവരുന്നു. യൂനാൻ, സൻഹ്വാൻ, ഹോനവാർ എന്നിവടങ്ങളിലെ പള്ളികൾ ഞങ്ങൾ ഒളിച്ചോടിയ ശേഷം കുതിരകളെയും പശുക്കളെയും പന്നികളെയും കെട്ടുന്ന തൊഴുത്തുകളാക്കി മാററിയിട്ടുണ്ടെന്ന് വിശ്വാസയോമായി അറിയാൻ കഴിഞ്ഞു...... ബൈബിനിൽ രണ്ടു മുസ്‌ലിം സ്ഥാപനങ്ങളുണ്ടെന്ന കാര്യം ഞങ്ങൾ മറക്കുന്നില്ല. മാർക്സിയൻ സിദ്ധാന്തങ്ങൾ മുസ്‌ലിംകളിൽ അടിച്ചേല്പിക്കാൻവേണ്ടി കമ്യൂ: കൾ തന്നെ സ്ഥാപിച്ചിട്ടുള്ളതാണ് അവ. കമ്യൂണിസ്റ്റാധിപത്യം നിലവിലുള്ള കാലത്തോളം ആ സ്ഥാപനങ്ങളും നിലനില്ക്കും. ഇതുപോലെ കമ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള ചില സംഘടനകളുമുണ്ട്. മുസ്‌ലിം ബഹുജനങ്ങളെ കമ്യൂണിസവുമായിക്കൂട്ടിയിണക്കുക, വിദേശിയരെ തെററിദ്ധരിപ്പിക്കുക എന്നിവയാണ് ഈ സംഘടനകളുടെ ലക്ഷ്യം. കമ്യൂകളുടെ സൃഷ്ടിയാണ് ഇവയും. മുസ്‌ലിം ലോകത്തെ കബളിപ്പിക്കാൻ ഈ സംഘടനകൾ മുസ്ഹഫുകളും ലഘുലേഖകളും അടിച്ചിറക്കുകയും കൊല്ലംതോറും രണ്ടോ മൂന്നോ പ്രതിനിധികളെ ഹജ്ജിന്ന് അയക്കുകയും ചെയ്യുന്നു. രാഷ്ട്രീയലക്ഷ്യം മാത്രമേ ഇതിൻെറയൊക്കെ പിന്നിലുള്ളൂ. പ്രസ്തുത സംഘടനകൾ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ പോലും ചീനയിൽ ആരേയും വായിക്കാൻ അനുവദിക്കാറില്ല. അതു വിദേശങ്ങളിൽ കാണിക്കാൻ മാത്രം...... ചുരുക്കത്തിൽ 10 കൊല്ലത്തെ കമ്യൂ: ഭരണംകൊണ്ട് രണ്ടുകോടി മുസ്‌ലിംകൾ അറുകൊല ചെയ്യപ്പെട്ടു. വളരെപ്പേർ ഒളിച്ചോടി. അസംഖ്യം മുസ്‌ലിംകൾ ജയിലിലും കഴിയുന്നു. ഭയാനകമായ ഭാവിയാണ് ചീനയിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും തുറിച്ചുനോക്കുന്നത്......"

റെഡ്ഗാർഡുകളുടെ നശീകരണ വിപ്ലവത്തിന്നു മുമ്പുള്ള കഥയാണിത്. കമ്യൂണിസ്റ്റ് ബ്ലോക്കുകൾപോലും ഉറന്നാക്ഷേപിച്ച ഇയ്യിടെത്തെ ക്രൂരമായ ശുദ്ധീകരണം മുസ്‌ലിംകളെ എങ്ങനെ ബാധിക്കുമെന്ന് ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഊഹിക്കാവുന്നതേയുള്ളൂ.

—......—

# വരിസംഖ്യ

## അൽ-മുർശിദ് മാസിക

ഇന്ത്യ, സിലോൺ, പാകിസ്ഥാൻ

| | | |
|---|---|---|
| | ഒരു കൊല്ലത്തേക്ക് | 3—50 |
| | 6 മാസത്തേക്ക് | 2—00 |

ഇന്ത്യക്കപ്പുറമെ

| | | |
|---|---|---|
| ഒരു കൊല്ലത്തേക്ക് | (സീമെയിൽ) | 5—00 |
| | (എയർമെയിൽ) | 11—00 |

## പരസ്യ നിരക്ക്

(ഒരു പ്രാവശ്യം)

| | | |
|---|---|---|
| കവർ | അവസാനഭാഗം | 150—00 |
| ,, | 2, 3 ഭാഗങ്ങൾ | 100—00 |
| ഉൾഭാഗം | മുഴുവൻ പേജ് | 50—00 |
| ,, | പകുതി പേജ് | 30—00 |
| ,, | കാൽപേജ് | 15—00 |

[ദീർഘകാലത്തേക്ക് പ്രത്യേക നിരക്ക്.]


## കേററലോഗ് സൌജന്യം

മലയാളത്തിലും, അറബിമലയാളത്തിലുമുള്ള എല്ലാതരം ഇസ്ലാമിക പ്രസിദ്ധീകരണങ്ങളും ഹോൾസെയിൽ വിലക്ക കൊടുക്കുന്നു.

**C. H. മുഹമ്മദ് & സൺസ്.**

ആമിറുൽഇസ്ലാം പവർ പ്രസ്സ്.

തിരൂരങ്ങാടി, കേരള: Phone No. 3


Printed by Hajee C. H. Ebrahim at the Amirul Islam Power Press, Edited by E. K. Moulavi, & Published by Mohsin bin Ahmed, B. A., L. T. for the K. M. Moulavi Memorial Trust, Tirurangadi, Kerala.